നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

3.00 ക.

## ജനാധിപത്യത്തിന്നുവേണ്ടി




മ്യാൻമാറിലെ ജനകീയ നേതാവായ സുകിയെ ജയിൽ വിമുക്തയാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജപ്പാനിലെ മ്യാൻമാർ എമ്പസിക്കുമുന്നിൽ ജപ്പാൻകാർ നടത്തിയ പ്രതിഷേധ പ്രകടനം.

147

ജൂലായ് 2009

കവർസ്റ്റോറി

# ഒരു മനുഷ്യനെ എത്രകാലം ജയിലിലിടാം?

**ബ**ർമ്മ എന്നു പറഞ്ഞാലാണ് ഇന്ത്യക്കാർക്ക് പൊതുവേയും കേരളീയർക്ക് പ്രത്യേകിച്ചും സ്ഥലബോധമുണ്ടാകുക. ഇന്ത്യയോടൊപ്പം സ്വാതന്ത്ര്യം നേടിയ ബ്രിട്ടീഷ് കോളനികളിലൊന്നാണ് ബർമ്മ. അതിന്റെ പുതിയ പേരാണ് മ്യാൻമാർ എന്നത്. 1948ൽ സ്വാതന്ത്ര്യം നേടിയെങ്കിലും 1962 മുതൽ അവിടെ പട്ടാള ഭരണമാണ്. ഇന്ത്യയെപ്പോലെത്തന്നെ ഒട്ടേറെ നാട്ടുരാജ്യങ്ങൾ ചേർന്നതാണ് ബർമ്മ. ഷാൻ, കരേൻ, കച്ചിൻ തുടങ്ങിയവയാണ് പ്രധാനം. ഓരോന്നും ഓരോ ഗോത്രവർഗ്ഗക്കാരുടേതായിരുന്നു. അവ തമ്മിൽതമ്മിലും അവയും ഗവർമ്മേണ്ട് സൈന്യവും തമ്മിലും നിരന്തരം സംഘട്ടനങ്ങൾ നടന്നുവന്നിരുന്നു. ഇതിന്നിടയിലാണ് പട്ടാളം ഭരണം പിടിച്ചെടുത്തത്.

ബർമ്മയിൽ ജനാധിപത്യം പുന:സ്ഥാപിതമാക്കുന്നതിന്നായി പല പ്രക്ഷോഭണങ്ങളും നടന്നിട്ടുണ്ട്. ഇരുപതു കൊല്ലംമുമ്പ് പട്ടാള ഭരണകൂടം തിരഞ്ഞെടുപ്പു നടത്താൻ സമ്മതിച്ചു. ആ തിരഞ്ഞെടുപ്പിൽ ഓങ്സാൻ സൂകിയുടെ നേതൃത്വത്തിലുള്ള സംഘടന വമ്പിച്ച ഭൂരിപക്ഷം നേടി. പക്ഷെ തിരഞ്ഞെടുപ്പുഫലം മാനിക്കാനല്ല സൂകിയെ പിടിച്ച് ജയിലിലിടാനാണ് പട്ടാള ഭരണകൂടം തീരുമാനിച്ചത്.

ലോകരാഷ്ട്രങ്ങളുടെ സമ്മർദ്ദം ശക്തിപ്പെടുമ്പോൾ സൂകിയെ വിടുകയും അതുകഴിഞ്ഞാൽ അവരെ വീണ്ടും ജയിലിലടക്കുകയുമാണ് പട്ടാളഭരണകൂടം ചെയ്യുന്നത്. സൂകി ഇപ്പോൾ ജയിലിലായിട്ട് വർഷം ആറായി.

സൂകിക്കെതിരെ അധികൃതർ പല തരം കേസുകളും കെട്ടിച്ചമക്കുന്നുണ്ട്. വീട്ടുതടങ്ങലിൽ കഴിയുന്ന സൂകിയെ കാണാൻ കിറുക്കനായ ഒരു അമേരിക്കക്കാരൻ ഈയിടെ ശ്രമിച്ചു. ഇതിന്റെ പേരിൽ സൂകിക്കെതിരെ പുതിയൊരു കേസ് ചാർജ് ചെയ്തിട്ടുണ്ട്. കഴിഞ്ഞ 19 കൊല്ലത്തിൽ 13 കൊല്ലവും സൂകി തടങ്ങലിലായിരുന്നു.

അമേരിക്കൻ ദേശരക്ഷാ സെക്രട്ടറി റോബർട്ട് ഗേറ്റ്സ് ഈയിടെ സിങ്കപ്പൂരിൽചേർന്ന ഒരു ഉന്നതതല സമ്മേളനത്തിലും സൂകിയെ മോചിപ്പിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു. പ്രതിപക്ഷവുമായി അർത്ഥവത്തായ ചർച്ചകൾ നടത്താൻ അദ്ദേഹം പട്ടാള മേധാവികളോട് ആവശ്യപ്പെട്ടു.

സർക്കാർ നിയന്ത്രണത്തിലുള്ള മാധ്യമങ്ങൾ പറയുന്നത് സൂകിക്കുവേണ്ട മരുന്നെല്ലാം നൽകുന്നുണ്ടെന്നാണ്. 2003 ലാണ് സൂകി അവസാനമായി അറസ്റ്റ് ചെയ്യപ്പെട്ടത്. ജയിൽവിമുക്തയായ സൂകി അനുയായികളോടൊപ്പം യാത്ര ചെയ്യുന്ന അവസരത്തിൽ പട്ടാളം സംഘടിപ്പിച്ച ഗുണ്ടാപട ആക്രമിച്ചു. അന്ന് എഴുപതോളം പേർ കൊല്ലപ്പെട്ടു. അതിന്നുശേഷം സൂകിയെ വീട്ടുതടങ്ങലിൽ സൂക്ഷിച്ചിരിക്കുകയാണ്.

സൂകിയെ തടങ്ങലിലിട്ടിരിക്കുന്നത് ഒരു തടാകതീരത്തുള്ള വീട്ടിലാണ്. മോർമൺ ജോൺ എന്നൊരു അമേരിക്കക്കാരൻ കഴിഞ്ഞ മേയിൽ ഈ തടാകം നീന്തിക്കടന്ന് സൂകിയെ പാർപ്പിച്ചിരിക്കുന്ന വീട്ടിലെത്തി. ഇതിന്റെ പേരിൽ സൂകിക്കെതിരെ പുതിയൊരു കേസ് ചാർജ്ജ് ചെയ്യപ്പെട്ടിട്ടുണ്ട്. വിചാരണ നടത്തുന്നത് പട്ടാളക്കോടതി തന്നെയാകയാൽ കാര്യമായൊന്നും പ്രതീക്ഷിക്കാനില്ല. എങ്കിലും വക്കീൽമാർക്ക് സൂകിയെ കാണാൻ അവസരം ലഭിക്കുന്നുണ്ടെന്നത് വലിയൊരു കാര്യമാണ്. ❑



ജനനീതി

ജൂലായ് 2009

**147**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# പ്രവചനങ്ങൾക്ക് ഇന്ത്യൻ തെരഞ്ഞെടുപ്പിൽ സ്ഥാനമില്ല

**പ**തിവുപോലെ പ്രവചനക്കാരെയെല്ലാം വിഡ്ഢികളാക്കിക്കൊണ്ട് തിരഞ്ഞെടുപ്പു ഫലം പുറത്തുവന്നു. എന്തുകൊണ്ട് പ്രവചനം തെറ്റിപ്പോയി എന്നതിനെക്കുറിച്ചുള്ള വിശകലനങ്ങളും വിശദീകരണങ്ങളും നാം കുറെയേറെ കേൾക്കുകയും ചെയ്തു. ഇങ്ങനെയെല്ലാമാണെങ്കിലും അടുത്ത തെരഞ്ഞെടുപ്പു വരുമ്പോൾ ഈ പ്രവചനങ്ങളെല്ലാം ആവർത്തിക്കും. ഇന്ത്യക്കാരുടെ ജന്മവാസനയാണതെന്നു പറയാം. പത്രങ്ങളിലെല്ലാം “വാരഫലം” പ്രസിദ്ധീകരിക്കാറുണ്ട്. പ്രവചനമെല്ലാം തെറ്റായാലും ശരി, അടുത്ത ആഴ്ചയും ആളുകൾ വാരഫലം ആർത്തിയോടെ വായിക്കും. അത്തരം ഒരു ഏർപ്പാടുതന്നെയാണ് ഈ “തിരഞ്ഞെടുപ്പുവാരഫല” പ്രവചനവും.

തെരഞ്ഞെടുപ്പു ഫലപ്രവചനം പാശ്ചാത്യ രാജ്യങ്ങളിൽ ഒരു ശാസ്ത്രമായി വളർന്നുവന്നിട്ടുണ്ട്. ബ്രിട്ടനിലും അമേരിക്കയിലും ഫ്രാൻസിലുമെല്ലാം പത്രങ്ങൾ ഏറെക്കുറെ കൃത്യമായിത്തന്നെ തിരഞ്ഞെടുപ്പു ഫലം പ്രവചിക്കും. എന്നാൽ ഇന്ത്യയിൽ ആ ടെക്നിക്ക് ഒരിക്കലും ഫലിക്കാറില്ല. തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് പാട്ടുംപാടി ജയിക്കുമെന്ന പ്രവചനത്തെ മുൻനിർത്തിയാണല്ലൊ ഇന്ദിരാഗാന്ധി 1977 ൽ അടിയന്തരാവസ്ഥ പിൻവലിച്ചതും തിരഞ്ഞെടുപ്പു നടത്തിയതും! ഒടുവിൽ ഇന്ദിരാഗാന്ധിക്ക് സ്വന്തം സീറ്റ് പോലും രക്ഷിച്ചെടുക്കാനായില്ലെന്നതും പ്രസിദ്ധമാണ്. എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നു?

തിരഞ്ഞെടുപ്പു ഫല പ്രവചനങ്ങൾ പാളിപ്പോകുന്നതിന്ന് ഒട്ടേറെ കാരണങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനം വോട്ടർമാരുടെ

സ്വഭാവശുദ്ധിയാണ്. ഇംഗ്ലീഷുകാർ ഇതിന്നു കാരക്ടർ എന്നു പറയും. ഒരു രാഷ്ട്രീയ കക്ഷിയുടെ സ്ഥാനാർത്ഥി പടികടന്നുവന്ന് വോട്ടിന്നപേക്ഷിച്ചാൽ നമ്മൾ എന്താണ് ചെയ്യുക? "ശരി അങ്ങനെയാകാം" എന്നു പറഞ്ഞ് അദ്ദേഹത്തെ തിരിച്ചയക്കും. "ഞാനൊരു കോൺഗ്രസ്സുകാരനാണ്. നിങ്ങൾക്ക് വോട്ട് ചെയ്യാനാവില്ല" എന്ന് മുഖത്തുനോക്കി പറയാനുള്ള തന്റേടം നമ്മിൽ എത്രപേർക്കുണ്ടാകും? ഈ ധർമ്മധീരതയുടെ അഭാവമാണ് തിരഞ്ഞെടുപ്പു ഫല പ്രവചനങ്ങളെ കീഴ്മേൽ മറിക്കുന്നത്.

ഇക്കൊല്ലത്തെ തിരഞ്ഞെടുപ്പു ഫലത്തെ സ്വാധീനിച്ച പ്രധാന ഘടകം എലക്ഷൻ കമ്മീഷന്റെ കർക്കശമായ നിലപാടായിരുന്നു. 1967ന്നു ശേഷം ഇന്ത്യൻ രാഷ്ട്രീയം – പ്രത്യേകിച്ചും ഉത്തരേന്ത്യൻ രാഷ്ട്രീയം – ഒരു സെറ്റ് ഗുണ്ടകളുടെ നിയന്ത്രണത്തിലായിരുന്നു. സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്നതും തിരഞ്ഞെടുപ്പു പ്രചരണം നടത്തുന്നതുമെല്ലാം ഗുണ്ടകളായിരുന്നു. ഏറ്റവും മുഷ്ക്കനായ ഗുണ്ടയെ പോക്കറ്റിലാക്കാൻ ഏതു കക്ഷിക്കാണോ കഴിയുക ആ കക്ഷിയാണ് തിരഞ്ഞെടുപ്പിൽ ജയിക്കുക. എന്നാൽ ഇലക്ഷൻ കമ്മീഷൻ ഇക്കൊല്ലം അതി കർക്കശമായ നിലപാടാണ് സ്വീകരിച്ചത്. പ്രധാനപ്പെട്ട ഗുണ്ടകളെയെല്ലാം അഴിക്കകത്താക്കാൻ എലക്ഷൻ കമ്മീഷൻ കൽപ്പിച്ചു. അതിന്നു വഴങ്ങാത്ത കലക്ടർമാരേയും പോലീസ് സൂപ്രണ്ടുമാരേയും രായ്ക്ക് രാമാനം സ്ഥലം മാറ്റി. മുലായം സിങ്ങിന്റെ സമാജ്‌വാദി പാർട്ടി, ലാലു പ്രസാദിന്റെ രാഷ്ട്രീയ ജനതാദളം, കരുണാനിധിയുടെ ഡി.എം.കെ, ബംഗാളിലെ മാർക്സിസ്റ്റ് പാർട്ടി തുടങ്ങിയവയെല്ലാം ഇക്കൊല്ലം വെള്ളം കുടിച്ചത് അങ്ങനെയാണ്.

ഗുണ്ടായിസം പോലെതന്നെ, അഥവാ അതിലുമേറെ പ്രധാനമാണ് ഇന്ത്യൻ തിരഞ്ഞെടുപ്പിലെ പണക്കൊഴുപ്പ്. വോട്ടർമാർക്ക് സാരി, മുണ്ട്, ടെലിവിഷൻ സെറ്റ്, തുടങ്ങിയവ സമ്മാനിക്കുന്നത് ഒരു സാധാരണ ഇടപാടായിത്തീർന്നിരിക്കുന്നു. ഇതിലധികവും ഖജനാവിലെ കാശുകൊണ്ടാണ്. സ്ഥാനാർത്ഥികൾക്ക് ചെലവഴിക്കാവുന്ന തുകക്ക് എലക്ഷൻ കമ്മീഷൻ പരിധി നിശ്ചയിച്ചിരിക്കുന്നതിനാൽ എലക്ഷൻ കമ്മീഷനെ കബളിപ്പിക്കാനുള്ള തന്ത്രങ്ങളാണ് ഇപ്പോൾ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുന്നത്.

പ്രസിഡണ്ട് ബുഷ് കോടീശ്വരന്മാരുടെ നിയന്ത്രണത്തിലായിരുന്നു വെന്നതാണ് കഴിഞ്ഞ പത്തുകൊല്ലക്കാലം അമേരിക്കക്കകത്തും പുറത്തുമുണ്ടായ സകലവിധ കുഴപ്പങ്ങൾക്കും കാരണം. അതുപോലെ ഒരു ഗവർമ്മേണ്ട് കോടീശ്വരന്മാരുടെ നിയന്ത്രണത്തിലാകുമ്പോൾ നാടിന്നും നാട്ടുകാർക്കും ഒട്ടേറെ ദുരിതങ്ങൾ സഹിക്കേണ്ടിവരും. രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്ത് പാസാക്കിയ വനം സംരക്ഷണ നിയമം, പരിസ്ഥിതി സംരക്ഷണ നിയമം തുടങ്ങിയ പല നിയമങ്ങളും മൻമോഹൻസിങ്ങിന്റെ ഭരണകാലത്ത് തല കീഴായി മറിയുന്നത് നാം കണ്ടു. ഇടതുപക്ഷ കക്ഷികളുടെ സ്വാധീനവും നിർബ്ബന്ധവും മൂലം പാസാക്കപ്പെട്ട തൊഴിലവകാശ നിയമം, വിവരാവകാശ നിയമം തുടങ്ങിയവക്കും അതേ ദുര്യോഗം വന്നുചേരുമോ എന്ന് കാത്തിരുന്നു കാണുകയേ നിവൃത്തിയുള്ളൂ.

അധികാരം പിടിച്ചെടുക്കാനായി മുന്നണിയുണ്ടാക്കുന്ന ഏർപ്പാട് നിയമം മൂലംതന്നെ നിരോധിക്കേണ്ടതുണ്ട്. 1967ൽ ആരംഭിച്ച ഈ വിക്രിയ പരിഹാസ്യമായ പല തലങ്ങളേയും പിന്നിട്ടു കഴിഞ്ഞു. 1952,1957,1962 എന്നീ പൊതു തിരഞ്ഞെടുപ്പുകളിലെല്ലാം ➡

പ്രതിപക്ഷകക്ഷികൾക്കുണ്ടായ പരാജയമാണ് 1967ൽ മുന്നണി പ്രസ്ഥാനത്തിന്ന് ഇടവരുത്തിയത്. ജനസംഘവും കമ്യൂണിസ്റ്റ് പാർട്ടിയും പോലെയുള്ള, മോരും മുതിരയും പോലെയുള്ള, വിരുദ്ധകക്ഷികൾ ചേർന്നാണ് അന്നു പല സംസ്ഥാനങ്ങളിലും മുന്നണിയുണ്ടാക്കി കോൺഗ്രസ്സിനെ തോൽപ്പിച്ചത്. കോൺഗ്രസ്സ് തോറ്റുവെങ്കിലും പിന്നാലെത്തന്നെ മുന്നണികളും തോറ്റു. പിന്നീട് ഇന്നേവരെ ഇന്ത്യയിൽ ആഭാസകരമായ മുന്നണി രാഷ്ട്രീയമാണുണ്ടായിട്ടുള്ളത്.

മുന്നണി രൂപീകരിച്ച് ഭരണമേൽക്കുന്നതിൽ ഒരു തെറ്റുമില്ല. പക്ഷെ അത് ചില അടിസ്ഥാന തത്വങ്ങളെ ആസ്പദമാക്കിയാകണം; ഭരണമേൽക്കാൻ മുന്നണിയുണ്ടാക്കുന്നതാണ് അപകടം. എലക്ഷൻ കമ്മീഷൻ മുമ്പാകെ രാഷ്ട്രീയകക്ഷിയായി രജിസ്റ്റർ ചെയ്യുന്ന ഓരോ കക്ഷിയും സ്വന്തം പരിപാടിയുടെ അടിസ്ഥാനത്തിൽ ഒറ്റക്കുതന്നെ മത്സരിക്കണം. തിരഞ്ഞെടുപ്പിന്നുശേഷം ചില പരിപാടികളുടെ അടിസ്ഥാനത്തിൽ യോജിച്ചുനിന്നു ഭരണമേൽക്കാവുന്നതേയുള്ളൂ. പ്രഖ്യാപിത പരിപാടികളിൽനിന്ന് ഗവർമ്മേണ്ട് വ്യതിചലിച്ചാൽ, അതോടെ മുന്നണിയും ഇല്ലാതാകണം.

പക്ഷെ ഇതൊക്കെ ഫലിക്കണമെങ്കിൽ ജനങ്ങൾക്ക് പൊതുവേയും, നേതാക്കന്മാർക്ക് പ്രത്യേകിച്ചും, സ്വഭാവശുദ്ധി വേണം. അത്തരം സ്വഭാവശുദ്ധിയുള്ളവർക്കിടയിൽ മാത്രമേ അഭിപ്രായ വോട്ടെടുപ്പിന്നും തിരഞ്ഞെടുപ്പു ഫല പ്രവചനത്തിന്നും പ്രസക്തിയുണ്ടാകൂ. ❑

# നിങ്ങളറിയാതെ പോകുന്ന പത്രക്കാരുടെ അഴിമതി

ഒരു സ്ഥാനാർത്ഥിയെക്കുറിച്ച് പത്രത്തിൽ കാണുന്നതെല്ലാം നിങ്ങൾ വിശ്വസിക്കുമോ? ഏതായാലും ഇക്കഴിഞ്ഞ പൊതു തിരഞ്ഞെടുപ്പിന്നു ശേഷം അതുണ്ടാവില്ല.

സ്ഥാനാർത്ഥിയെക്കുറിച്ച് നല്ല വാർത്ത പത്രത്തിൽ വരുന്നതിന്ന് പണം വസൂലാക്കിയ സംഭവങ്ങൾ രണ്ടു സംസ്ഥാനങ്ങളിലെങ്കിലും നടന്നിട്ടുണ്ട്. മധ്യപ്രദേശിലും ആന്ധ്രയിലും.

ആന്ധ്രയിലെ വനിതാ ജർണലിസ്റ്റുകൾ സംസ്ഥാനത്തെ ചീഫ് എലക്ടറൽ ഓഫീസർക്ക് പരാതി നൽകുകയുണ്ടായി. തെലുങ്കു ഭാഷാപത്രങ്ങളും ചില തെലുങ്ക് ടെലിവിഷൻ ചാനലുകളും പണം വസൂലാക്കിയെന്നാണാക്ഷേപം. ഒരു സ്ഥാനാർത്ഥിയെക്കുറിച്ച് നല്ല വാർത്ത പത്രത്തിൽ വരണമെങ്കിൽ അത്രയും സ്ഥലത്തിന്നുള്ള പരസ്യക്കൂലി നൽകണം. പരസ്യക്കാരിൽ നിന്ന് പരസ്യക്കൂലി ഈടാക്കുന്നതുപോലെ, ഒരു കോളം ഒരു സെന്റീമീറ്ററിന്ന് അമ്പതുരൂപ എന്നോ മറ്റോ നിശ്ചയിക്കും. ഇത് ചിലപ്പോൾ പരിഹാസ്യമായ തലത്തിലെത്താറുണ്ട്. ഒരു സ്ഥാനാർത്ഥിയെക്കുറിച്ചുള്ള ഒരേ വാർത്ത ഒന്നിലേറെ പത്രങ്ങളിൽ വന്നുവെന്നു കരുതുക. അപ്പോൾ എതിർസ്ഥാനാർത്ഥിയുടെ സാധ്യതകൾ അത്രയും മെച്ചപ്പെട്ട നിലയിൽ അവതരിപ്പിക്കും.

വോട്ടർമാരെ തെറ്റിധരിപ്പിക്കുന്നുവെന്നതു മാത്രമല്ല ഈ "പരസ്യ"

പ്രചരണത്തിന്റെ അപകടം. തിരഞ്ഞെടുപ്പു ചെലവിന്റെ പരിധിയെ മറികടക്കാനും ഇത് സ്ഥാനാർത്ഥികളെ സഹായിക്കുന്നു.

മധ്യപ്രദേശിലെ ജർണലിസ്റ്റുകൾ തന്നെ പത്രങ്ങളുടെ ഈ അഴിമതിയെക്കുറിച്ചൊരു റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. ഇവിടത്തെ പത്രങ്ങളൊന്നും അതു കൊടുക്കാൻ തയ്യാറായില്ലെങ്കിലും പ്രസിദ്ധ അമേരിക്കൻ ദിനപത്രമായ വാൾ സ്ട്രീറ്റ് ജർണൽ അത് പ്രസിദ്ധീകരിച്ചു. തിരഞ്ഞെടുപ്പു വാർത്തക്ക് പരസ്യക്കൂലി ഈടാക്കുന്നത് അമേരിക്കക്കാർക്ക് കൗതുകജനകമായ വാർത്തയായിരുന്നു.

പോളിങ്ങിന്നു മുമ്പുള്ള മൂന്നാഴ്ചക്കാലത്ത് നാലു പത്രങ്ങളിൽ നല്ല വാർത്തകൾ വരുത്തുന്നതിന്ന് ഒരു ബ്രോക്കർ പത്തുലക്ഷം രൂപയാണ് (20,000 ഡോളർ) ആവശ്യപ്പെട്ടതെന്ന് ഒരു സ്വതന്ത്ര സ്ഥാനാർത്ഥി പറഞ്ഞതായി വാൾ സ്ട്രീറ്റ് ജർണൽ റിപ്പോർട്ട് ചെയ്യുന്നു.

ഒരു ചണ്ഡീഗഡ് പത്രത്തിന്റെ റിപ്പോർട്ടറും ഫോട്ടോഗ്രാഫറും ആവശ്യപ്പെട്ടത് ഒന്നരലക്ഷം രൂപയാണ് (3000 ഡോളർ). മറ്റു പത്രക്കാർക്ക് മൂന്നു ലക്ഷം രൂപ വേറേയും വേണം, അഞ്ചു പത്രങ്ങളിൽ രണ്ടാഴ്ചക്കാലം നല്ല വാർത്ത വരുത്താമെന്ന് അയാൾ ഉറപ്പു നൽകി.

ഇതിലൊന്നും പുതുമയില്ലെന്ന് പത്രക്കാർ പറയുന്നു. പ്രാദേശിക പത്രങ്ങളിലെ ജില്ലാ എഡിഷനുകളിൽ ഈ ഏർപ്പാട് കടന്നുകൂടിയിട്ട് കാലം കുറച്ചായി. ഇപ്പോൾ വൻകിട നഗരങ്ങളിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന വൻകിട പത്രങ്ങളിലേക്കും ടെലിവിഷൻ ചാനലുകളിലേക്കും അതു പടർന്നു പിടിച്ചുവെന്നേയുള്ളൂ. ഇതിൽ ആർക്കും ഒന്നും ചെയ്യാനാവില്ല; പ്രസ്സ് കൗൺസിലിന്ന് പല്ലില്ല. പിന്നെയുള്ളത് എലക്ഷൻ കമ്മീഷനാണ്. തിരഞ്ഞെടുപ്പു പ്രക്രിയയെ അഴിമതിയിൽ ആറാടിക്കുന്ന പത്രങ്ങൾക്കെതിരെ എലക്ഷൻ കമ്മീഷന്ന് വേണമെങ്കിൽ നടപടി സ്വീകരിക്കാം.

* * * * *

എൻ.ഡി.ടി.വി. 24X7, ഹെഡ് ലൈൻസ് ടുഡെ, സി.എൻ.എൻ, ഐ.ബി.എൻ., ടൈംസ് നൗ എന്നിവ ഇന്ത്യയിൽ ദേശീയ തലത്തിൽ പ്രവർക്കുന്ന പ്രമുഖ ടെലിവിഷൻ ചാനലുകളാണ്. ഈയിടെ ശ്രീലങ്കയിൽ കൊല്ലപ്പെട്ട പ്രഭാകരനേയുംവച്ച് ഇവർ നടത്തിയ ഉത്സവം മനം മടുപ്പിക്കുന്നതായിരുന്നു. മരിച്ചു കിടക്കുന്ന പ്രഭാകരനെ ഇവർ എത്ര നേരമാണ്, എത്ര തവണയാണ് ടെലിവിഷനിൽ കാണിച്ചത്. എൻ.ഡി.ടി.വി.യിൽ കണ്ട ദൃശ്യമാണ് ഭയങ്കരം. മരിച്ചു കിടക്കുന്ന മനുഷ്യന്റെ തല, ടെലിവിഷൻ ക്യാമറയുടെ സൗകര്യത്തിന്നു പറ്റിയ വിധത്തിൽ ആരോ ഉയർത്തി ശരിക്ക് പിടിച്ചുകൊടുക്കുന്നുണ്ട്. കുറച്ചു നേരമൊന്നുമല്ല; മിനുട്ടുകളോളം.

അതേസമയം ശ്രീലങ്കയുടെ വിദേശകാര്യ സെക്രട്ടറിയോട്, മരിച്ച ആളുടെ തല വീണ്ടും വീണ്ടും പ്രദർപ്പിക്കുന്നത് ശരിയാണോ എന്നു പത്രക്കാർ ചോദിക്കുകയും ചെയ്യുന്നു!

* * * * *

ന്യൂസ് ബ്രോഡ്കാസ്റ്റേഴ്സ് അസോസിയേഷൻ മാധ്യമങ്ങൾക്കായി തയ്യാറാക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശത്തിൽ ഇങ്ങനെ പറയുന്നു: "മരിച്ച ആളോടും അന്തസ്സോടെ പെരുമാറണം. അവരുടെ ദൃശ്യങ്ങൾ പ്രദർശിപ്പിക്കരുത്." ❑



# ജയിലെന്ന മായാലോകം കണ്ടറിഞ്ഞ ഡോ. സെൻ

- രക്തിമ ബോസ് -



കസ്റ്റഡിവിമുക്തനായ ഡോ. വിനായക സെൻ പത്നിയോടൊപ്പം കൊൽക്കത്തയിലെ പത്രസമ്മേളനത്തിൽ

ഇന്ത്യൻ പൗരസ്വാതന്ത്ര്യ യൂണിയന്റെ വൈസ് പ്രസിഡണ്ടായ ഡോ. വിനായക സെന്നിന് അവസാനം സുപ്രീം കോടതി സ്വന്തം ആൾ ജാമ്യത്തിൽ ജാമ്യമനുവദിച്ചു.

നക്ഷലുകളുമായി ബന്ധമുണ്ടെന്ന് ആരോപിച്ച് ഛത്തീസ്ഗഡ് ഗവർമ്മേണ്ട് രണ്ടു കൊല്ലം മുമ്പാണ് ഡോ. സെന്നിനെ അറസ്റ്റ് ചെയ്തത്. ഇതിന്നെതിരെ ലോകവ്യാപകമായി പ്രതിഷേധമുയർന്നുവെങ്കിലും ഒരു ഫലവുമുണ്ടായില്ല. പ്രാദേശിക കോടതിയും ഹൈക്കോടതിയും ഡോ. സെന്നിന്റെ ജാമ്യാപേക്ഷ തള്ളുകയാണുണ്ടായത്. തുടർന്ന് സുപ്രീം കോടതിയിൽ സമർപ്പിച്ച ജാമ്യാപേക്ഷയും തള്ളപ്പെട്ടു.

ഈയിടെ പുതുതായി സമർപ്പിക്കപ്പെട്ട ജാമ്യാപേക്ഷയേയും ഛത്തീസ്ഗഡ് ഗവർമ്മേണ്ട് എതിർത്തു. ഛത്തീസ്ഗഡ് ഗവർമ്മേണ്ടിന്നു വേണ്ടി സീനിയർ അഭിഭാഷകനായ മുകുൾ റോട്ടഗി തന്നെ ഹാജരായിരുന്നു.

ഡോ. സെന്നിന്നു വേണ്ടി സീനിയർ അഭിഭാഷകനായ ശാന്തിഭൂഷണനാണ് ഹാജരായിരുന്നത്. പക്ഷെ അദ്ദേഹത്തിന്നു വാദം നടത്തേണ്ടി വന്നില്ല. ഗവർമ്മേണ്ടിന്നു വേണ്ടി റോട്ടഗി വാദം നടത്തിക്കഴിഞ്ഞപ്പോൾ ശാന്തിഭൂഷൺ വാദത്തിന്നായി എഴുന്നേറ്റു. എന്നാൽ ജ: മാർക്കാണ്ഡേയ കാട്ജു, ജ: ദീപക് വർമ്മ എന്നിവരടങ്ങിയ ബഞ്ച്, തങ്ങൾക്ക് വസ്തുതകളെല്ലാം അറിയാമെന്നും, ഡോ. സെന്നിന്ന് ജാമ്യമനുവദിച്ചിരിക്കുന്നുവെന്നും കൽപ്പിക്കുകയാണുണ്ടായത്.

തികഞ്ഞൊരു വെളിപാടായിരുന്നു തന്റെ ജയിൽ ജീവിതമെന്ന് ഡോ. സെൻ പിന്നീടൊരു പത്രസമ്മേളനത്തിൽ പറഞ്ഞു. ജയിലിന്നു പുറത്ത് മഹാത്മജിയുടെ ഒരു വാചകം എഴുതിവച്ചിട്ടുണ്ട്. "കുറ്റകൃത്യങ്ങൾ ചെയ്തവരെയല്ല, കുറ്റകൃത്യങ്ങളെയാണ് വെറുക്കേണ്ടത്". എന്നാൽ ജയിലിന്നകത്ത് സ്ഥിതി നേരെ മറിച്ചാണെന്ന് ഡോ. സെൻ പറഞ്ഞു.



ഡോ. വിനായക സെൻ കസ്റ്റഡിയിൽ

അഴിമതി നടത്തുന്നുവെന്നും മോഷണം നടത്തുന്നുവെന്നും എല്ലാവരും പരാതിപ്പെടുന്നുണ്ട്. എന്നാൽ ജയിലിന്നകത്തു ചെന്നുപെട്ടാൽ, നിങ്ങൾ ശിക്ഷിക്കപ്പെട്ട ഒരു ക്രിമിനൽ പുള്ളിയായാലും ഒരു വിചാരണത്തടവുകാരനായാലും അധികൃതരുടെ ദൃഷ്ടിയിൽ നിങ്ങളൊരു കള്ളനാണ്. ഛത്തീസ്ഗഡിലെ ജയിൽ ജീവിത യാഥാർത്ഥ്യം അതാണ് എന്ന് ഡോ. സെൻ പറഞ്ഞു.

പ്രത്യേക ദണ്ഡന മുറകളൊന്നും തനിക്കെതിരെ പ്രയോഗിച്ചില്ലെന്ന് ഡോ. സെൻ പറഞ്ഞു. പക്ഷെ തന്റെ ഹൃദ്രോഗത്തെപ്പറ്റി അറിഞ്ഞിട്ടും ഗവർമ്മേണ്ട് അലസതയാണ് കാണിച്ചത്. തമിഴ് നാട്ടിലെ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ ചികിത്സ നടത്താൻ ഗവർമ്മേണ്ട് അനുവദിച്ചില്ല. വെല്ലൂരുമായി ബന്ധപ്പെടുന്നതിനെ തടയാൻ പോലും ഗവർമ്മേണ്ട് ശ്രമിച്ചതാണ്. ഛത്തീസ് ഗഡിൽതന്നെ ചികിത്സ നടത്തണമെന്ന് ഗവർമ്മേണ്ട് ശാഠ്യം പിടിച്ചു. തന്മൂലം ചികിത്സ നീണ്ടുപോയെന്ന് ഡോ. സെൻ പറഞ്ഞു.

ജയിലിൽ ഇട്ടടച്ചിട്ടുള്ള നാനാതരം ആൾക്കാരെക്കുറിച്ച് മനസ്സിലാക്കാൻ ഈ ജയിൽ ജീവിതം സഹായകമായെന്ന് ഡോ. സെൻ പറഞ്ഞു. ഒരു കുറ്റവും ചെയ്തിട്ടില്ലാത്ത നിർദ്ദോഷികളായ ഗ്രാമീണർ മുതൽ ഭൂമിതർക്കത്തിൽ പെട്ടവർ വരേയും കടുത്ത ക്രിമിനൽ പുള്ളികൾ വരേയുമുള്ള നാനാതരക്കാർ ജയിലിന്നകത്തുണ്ട്.

ജയിലിൽ തന്നോടൊപ്പം തന്റെ മുറിയിൽ കിടന്നിരുന്ന ഒരു ചെറുപ്പക്കാരനെപ്പറ്റി ഡോ. സെൻ സംസാരിച്ചു. പത്തൊമ്പതു വയസ്സുള്ള അയാളെ ബലാത്സംഗകുറ്റം ചുമത്തിയാണ് ശിക്ഷിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ അതൊരു പ്രേമക്കേസാണ്. നാട്ടിലെ ഒരു സമ്പന്ന കുടുംബത്തിലെ പെൺകുട്ടിയോടൊപ്പം ഒളിച്ചോടിയതാണ് കേസ്. ആ പെൺകുട്ടിയുടെ വീട്ടുകാർ അതൊരു ബലാത്സംഗക്കേസാക്കി മാറ്റി കാമുകനെ ജീവപര്യന്തം തടവിന്നു ശിക്ഷിച്ചിരിക്കുകയാണ്.

നീതിന്യായ സംവിധാനത്തെ ഡോ. സെൻ കഠിനമായി വിമർശിച്ചു. നീതിന്യായ സംവിധാനത്തിൽ പരക്കെ അഴിമതി അഴിഞ്ഞാടുന്നുവെന്നത് എനിക്കൊരു വെളിപാടായിരുന്നു. ഒരാളും അതിനെപ്പറ്റി ചിന്തിക്കുക പോലും ചെയ്യുന്നില്ല.

ഡോ. സെന്നിന്ന് മാവോയിസ്റ്റുകളുമായി ബന്ധമുണ്ടെന്ന ഗവർമ്മേണ്ടിന്റെ ആരോപണത്തെപ്പറ്റി പത്രക്കാർ ആരാഞ്ഞു. ഛത്തീസ്ഗഡിലെ മാവോയിസ്റ്റ് മേഖലകളിൽ താൻ സാമൂഹ്യ പ്രവർത്തനമൊന്നും നടത്തിയിട്ടില്ലെന്നും എന്നാൽ മനുഷ്യാവകാശലംഘനങ്ങൾ നടന്നാൽ അതിനെപ്പറ്റി അന്വേഷിക്കാറുണ്ടെന്നും അദ്ദേഹം മറുപടി നൽകി. ഞങ്ങൾ പ്രവർത്തനം നടത്തിയിരുന്ന പല മേഖലകളും പണ്ട് മാവോയിസ്റ്റ് ബാധയില്ലാത്തവയായിരുന്നു. സംഘട്ടനമരണങ്ങൾ, സാൽവജൂഡുവിന്റെ വിക്രിയകൾ, ജനങ്ങളുടെ പോഷകാഹാര സ്ഥിതി എന്നിവ അന്വേഷിക്കുക മാത്രമാണ് ഞങ്ങൾ ചെയ്തിരുന്നത് എന്ന് അദ്ദേഹം പറഞ്ഞു.

ഛത്തീസ് ഗഡിൽ മാവോയിസ്റ്റുകളും സാൽവജൂഡുമും ഹിംസാമാർഗ്ഗത്തിലാണ്. മനുഷ്യാവകാശ പ്രവർത്തകരായ ഞങ്ങൾ ഒരുതരം ഹിംസയേയും മാപ്പാക്കില്ല. ഗവർമ്മേണ്ട് അതിക്രമം കാണിക്കുക; അതിന്നു തിരിച്ചടിയായി മാവോയിസ്റ്റുകൾ അതിക്രമം കാണിക്കുക – ഈ ഹിംസാചക്രം ഒരിക്കലും ഗുണം ചെയ്യില്ല. ഹിംസാത്മക പരിഹാര മാർഗ്ഗങ്ങൾക്ക് അറുതി വരുത്താൻ രാഷ്ട്രീയ കൂടിയാലോചനകളാണ് ആവശ്യം എന്ന് അദ്ദേഹം പറഞ്ഞു.

സാൽവജൂഡുമിനെ ഡോ. സെൻ എതിർത്തുവരുന്നതിനെപ്പറ്റി ചോദിച്ചപ്പോൾ, ഭൂമികയ്യടക്കുന്ന അവരുടെ പ്രവർത്തനത്തെ താൻ ഇനിയും എതിർക്കുമെന്ന് ഡോ. സെൻ പറഞ്ഞു. ദരിദ്രരെ ദരിദ്രരായിതന്നെ നിലനിർത്താനുള്ള അക്രമങ്ങളാണ് ഛത്തീസ്ഗഡിൽ നടന്നുവരുന്നത്. അനേകം തലമുറകളായി പാവങ്ങൾ സ്വന്തം നിലനിൽപ്പിന്നായി ഉപയോഗിച്ചു വന്നിരുന്ന പ്രകൃതി വിഭവങ്ങൾ ഗവർമ്മേണ്ട് കയ്യടക്കുകയാണ് ചെയ്യുന്നത്. അതിന്നവർ സാൽവജൂഡുമിനെ കരുക്കളാക്കുകയാണ് എന്ന് അദ്ദേഹം പറഞ്ഞു.

തന്റെ ജീവൻ അപകടത്തിലാണെന്ന് അദ്ദേഹം വെളിപ്പെടുത്തി. ഛത്തീസ് ഗഡിനു പുറത്തുള്ള ചില സംസ്ഥാനങ്ങളിലെ ഉന്നതസ്ഥാനീയരായ ചില പോലീസ് ഉദ്യോഗസ്ഥന്മാർതന്നെയാണ് തനിക്ക് ഇതു സംബന്ധിച്ച് മുന്നറിയിപ്പ് നൽകിയിരിക്കുന്നതെന്ന് അദ്ദേഹം വെളിപ്പെടുത്തി.

ഛത്തീസ് ഗഡിൽ 2005ലെ പൊതുരക്ഷാനിയമം വ്യാപകമായി ഉപയോഗിച്ചുവരുന്നുണ്ട്. ഛത്തീസ്ഗഡിലെ മണ്ണ് ധാതു സമ്പത്തുകൾകൊണ്ട് നിറഞ്ഞതാണ്. ഈ ഭൂമി പിടിച്ചെടുക്കാൻ ആദിവാസികളെ തല്ലിയോടിക്കുകയോ ജയിലിൽ പിടിച്ചിടുകയോ ചെയ്യുന്നു. ഇതിന്നുണ്ടാക്കിയ ഗുണ്ടാപടയാണ് സാൽവജൂഡും. ഛത്തീസ് ഗഡിലേത് വിലയേറിയ മണ്ണാണെന്ന് ഗവർമ്മേണ്ട് സമീപകാലത്താണ് മനസ്സിലാക്കിയത്. അപ്പോൾ ഈ ഭൂമി ആരുടേതാണ് എന്നതൊരു പ്രശ്നമായി. ആദിവാസികളാണ് അവിടെ ജീവിച്ചു വരുന്നത്. തലമുറകളായി അവരാണത് ഉപയോഗിക്കുന്നത്. ഇവരെ ഇവരുടെ മണ്ണിൽനിന്ന് ആട്ടിയോടിക്കാനായി രൂപീകരിച്ചതാണ് സാൽവജൂഡും.

സാൽവജൂഡും എന്ന പ്രതിഭാസം ഛത്തീസ് ഗഡിന്റെ ചില ഭാഗങ്ങളിൽ മാത്രമേയുള്ളൂവെന്നും ബാക്കിയുള്ള ഭാഗങ്ങളിൽ വ്യവസായികൾക്കു വേണ്ടി ഭൂമി പിടിച്ചെടുക്കുന്നത് സർക്കാർ തന്നെയാണെന്നും ഡോ. സെൻ പറഞ്ഞു. ടാറ്റക്ക് ഫാക്ടറി സ്ഥാപിക്കാനായി ലോഹണ്ഡിക്കോട്ടയിൽ ഭൂമി പിടിച്ചെടുക്കുന്നത് സർക്കാരാണ്. ജനങ്ങളെ തോക്കുകാട്ടി ഭീഷണിപ്പെടുത്തിയാണ് ഭൂമി പിടിച്ചെടുക്കുന്നത്. എസ്സാർ ഫാക്ടറിക്കുവേണ്ടിയും ജിൻഡൽ ഫാക്ടറിക്കുവേണ്ടിയും ഇതുപോലെത്തന്നെയാണ് ഭൂമി പിടിച്ചെടുത്തതെന്ന് ഡോ. സെൻ ചൂണ്ടിക്കാട്ടി. ❏

# നമ്മൾ ഭീരുക്കളായ ഒരു കൂട്ടം മാന്യന്മാരാണ്

- അസിം ശ്രീവാസ്തവ -

മഹാന്മാരായ രണ്ടു അമേരിക്കക്കാരെക്കുറിച്ച് ഒരു കഥയുണ്ട്. അമേരിക്ക 1846ൽ മെക്സിക്കോവിനെ ആക്രമിച്ചപ്പോൾ പ്രസിദ്ധ പ്രകൃതി ശാസ്ത്രജ്ഞനായ ഹെൻട്രി തോറെ അമേരിക്കക്കെതിരായ സമരമുറയെന്നനിലയിൽ നികുതി കൊടുക്കാൻ വിസമ്മതിച്ചു. അധികൃതർ തോറെയെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. വിവരമറിഞ്ഞ് തോറെയുടെ അടുത്ത സുഹൃത്തും ഹാർവാർഡിലെ സഹപാഠിയുമായിരുന്ന റാൽഫ് വാൽഡോ എമേഴ്സൺ ജയിലിലെത്തി. എമേഴ്സൺ ചോദിച്ചു: "താനെന്താ ഇതിന്നകത്ത് ചെയ്യുന്നത്?" "താനെന്താ പുറത്ത് ചെയ്യുന്നത്?" എന്നൊരു മറുചോദ്യമായിരുന്നു തോറേയുടെ മറുപടി. എമേഴ്സൺ അതുകേട്ട് വിളറിപ്പോയി.

ഇന്ത്യയിലെ മഹാന്മാരായ ഡോക്ടർമാരിലൊരാളായ വിനായക് സെൻ ഛത്തീസ്ഗഡിൽ ജയിലിലായിരുന്നു. ഛത്തീസ് ഗഡിലെ ഭീരുക്കളായ ഭരണാധികാരികളുടെ പാതകങ്ങൾ തുറന്നുകാണിച്ചുവെന്നതായിരുന്നു അദ്ദേഹത്തിന്റെ കുറ്റം. തോറെ ചോദിച്ച അതേ ചോദ്യം തന്നെയായിരിക്കും ഡോ. സെന്നിനെ കാണാൻ നമ്മളവിടെ ജയിലിൽ ചെന്നിരുന്നുവെങ്കിൽ ചോദിക്കുമായിരുന്ന ചോദ്യം. മാന്യന്മാർക്ക് ജീവിക്കാൻ കഴിയുന്ന ഒരേയൊരു സ്ഥലം ജയിലായിത്തീരുന്ന ചില സാഹചര്യങ്ങളുണ്ട്. കൊള്ളക്കാരും കൊലപാതകികളും മജിസ്ട്രേട്ടുമാരുടേയും ജഡ്ജിമാരുടേയും ആരാച്ചാർമാരുടേയും വേഷം കെട്ടിനടക്കുന്ന ഒരു നാട്ടിൽ, ജയിലല്ലാതെ മറ്റെവിടെയാണ് നിങ്ങൾക്ക് സുരക്ഷിതത്വം ലഭിക്കുക?

ഇന്ത്യ ഇന്ന് ഇത്തരം നാണംകെട്ടൊരു മൂലയായിത്തീർന്നിരിക്കുകയാണ്. കൊലപാതക പരമ്പരകളിലൂടെ കുപ്രസിദ്ധി നേടിയവർ ദേശീയ കക്ഷികളുടെ ടിക്കറ്റിൽ തിരഞ്ഞെടുപ്പിൽ മത്സരിക്കുകയും വേദാന്തങ്ങൾ പ്രസംഗിക്കുകയും ചെയ്യുമ്പോൾ ധീരരായ, ആർജ്ജവ ബുദ്ധിയുള്ള ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും നഗരങ്ങളിലെ ഇരുട്ടുമുറികളിലോ വന്യജീവികൾ വിഹരിക്കുന്ന കാട്ടിലോ മാത്രമാണ് സുരക്ഷിതത്വം ലഭിക്കുക.

സ്വാതന്ത്ര്യസമരകാലത്തെ ധീരസേനാനികളുടെ കാര്യം മാറ്റിവയ്ക്കുക; ഒരു തലമുറ മുമ്പ് ജീവിച്ചിരുന്നവർക്കുപോലും അമ്പരപ്പും മനം പുരട്ടലുമുണ്ടാക്കുന്ന സ്ഥിതിഗതികളാണ് ഇന്നുള്ളത്. ഒരു നാഗരിക രാഷ്ട്രമെന്ന നിലയിൽ ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇന്ത്യക്കുണ്ടായിരുന്ന സ്ഥാനത്തുനിന്ന് കഴിഞ്ഞ ചില വർഷങ്ങൾകൊണ്ട് നാം മുതലക്കൂപ്പ് കുത്തി എന്നതാണ് ദു:ഖകരമായ സത്യം. ഇന്ത്യയെ ഒരു ലോകമഹാ ശക്തിയായി അവതരിപ്പിക്കാനുള്ള നമ്മുടെ പ്രമാണിവർഗ്ഗത്തിന്റെ മോഹത്തിന്ന് കോട്ടമൊന്നും തട്ടാതിരിക്കാൻ നമ്മുടെ പത്രങ്ങൾ സദാ ജാഗ്രത പുലർത്തുന്നുണ്ട്. ഇവർ കഥയറിയാതെ ആട്ടം കാണുകയാണോ?; അതോ നമ്മളാണോ? ഒരു പക്ഷെ അത് കാലം തെളിയിക്കും.

എന്നാൽ ഒരു കാര്യം സത്യമാണ്. കൊളോണിയൽ ഭരണത്തിൽനിന്ന് സ്വാതന്ത്ര്യം നേടി ആറു ദശകങ്ങൾ പിന്നിട്ടിട്ടും ഇന്ത്യ ഇന്നും ഒരു ദരിദ്ര രാജ്യമാണ്. ദരിദ്രജനങ്ങൾക്ക് അനുഭവിക്കേണ്ടിവരുന്ന ഏറ്റവും കടുത്ത യാതനകളിലൊന്ന് ആരോഗ്യ സംരക്ഷണമാണ്. ചികിത്സാചിലവ് വാണം പോലെ ചീറിക്കയറിക്കൊണ്ടിരിക്കുന്ന കാലമാണിത്. ഇത്തരമൊരു സാഹചര്യത്തിൽ, ഇന്ത്യയിലെ നാട്ടിൻപുറത്തെ പാവങ്ങൾക്ക് സൗജന്യസേവനം നൽകാനായി തന്റെ ആയുസ്സിൽ മുപ്പതു വർഷം ചെലവഴിച്ച എത്ര ഇന്ത്യൻ ഡോക്ടർമാരുണ്ടാകും? ഒരു ഊഹംവച്ചു പറഞ്ഞാൽ, അത് മൂന്നു വിരലിൽ എണ്ണിത്തീർക്കാവുന്നതേയുള്ളൂ. അതിൽ പ്രധാനപ്പെട്ട ഒരാൾ ഡോ. വിനായക് സെൻ ആണ്.

ഡോ. സെന്നിനെ മോചിപ്പിക്കാനായി അദ്ദേഹത്തിന്റെ അമ്മ കത്തുകളും ഹരജികളും സമർപ്പിച്ചു; നോബൽസമ്മാനം നേടിയ 22 പേർ ചേർന്ന് ഹരജി സമർപ്പിച്ചു; ഇന്ത്യയിലെ ഒരു മുൻചീഫ് ജസ്റ്റിസ്തന്നെ എഴുതിനോക്കി; ജ: വി.ആർ. കൃഷ്ണയ്യർ, നോം ചോംസ്കി എന്നിവരടക്കം നൂറുകണക്കിന്ന് മാന്യന്മാർ എഴുതി ഒരു ഫലവുമുണ്ടായില്ല. അങ്ങനെയൊന്നും ഇളകുന്ന ഒന്നല്ല ഛത്തീസ് ഗഡ് ഗവർമ്മേണ്ട്!

ഒരു റൗലറ്റ് ആക്ടിന്ന് ഇന്ത്യയിലാകെ തീ പടർത്താൻ കഴിഞ്ഞു. അന്നാണ് ജാലിയൻ വാലാബാഗ് സംഭവിച്ചത്. അത് 90 വർഷം മുമ്പായിരുന്നു. ഇന്നാകട്ടെ, ഇന്ത്യയിൽ റൗലറ്റ് ആക്ടുകളുടെ ഒരു പരമ്പരതന്നെയുണ്ട് - ഛത്തീസ് ഗഡ് സ്പെഷൽ പബ്ലിക് സേക്യൂരിറ്റി ആക്ട്, ആംഡ് ഫോഴ്സസ് സ്പെഷൽ പവേഴ്സ് ആക്ട്, അൺലോഫുൾ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് എന്നിങ്ങനെ അവ നീണ്ടുപോകുന്നു. എന്നിട്ടോ? നമ്മളെല്ലാം ഭീരുക്കളെപ്പോലെ കയ്യുംകെട്ടി മിണ്ടാതിരിക്കുന്നു!

അന്യായമായി ജയിലിലടക്കപ്പെട്ട ഒരേയൊരു മനുഷ്യാവകാശ പ്രവർത്തകനൊന്നുമല്ല ഡോ. സെൻ. ഇത്തരത്തിൽപെട്ട ആയിരക്കണക്കിന്നാളുകൾ ജയിലിൽ കിടപ്പുണ്ട്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ജയിലുകളിൽ നിറച്ചിവരാണ്. ഝാർഖണ്ഡ്, ബംഗാൾ, ഒറീസ, ഛത്തിസ് ഗഡ്, ആന്ധ്ര തുടങ്ങിയ സംസ്ഥാനങ്ങളിലും ഇത്തരക്കാർ ധാരാളമുണ്ട്. ഇതിന്നിടയിൽ ആരും ശ്രദ്ധിക്കാതെ കിടക്കുന്ന ഒരാളാണ് മണിപ്പൂരിലെ ഐറോം ശാർമിള. പട്ടാളത്തിന്ന് എന്തും ചെയ്യാൻ അധികാരം നൽകുന്ന നിയമം റദ്ദാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 2000 നവമ്പറിൽ ആരംഭിച്ച ഉപവാസം ശാർമിള ഇപ്പോഴും തുടരുന്നു. ആൾ ചത്തുപോകാതിരിക്കാനായി ഡോക്ടർമാർ മൂക്കിൽകൂടി ദ്രവരൂപത്തിൽ ആഹാരം നൽകുകയാണ് ചെയ്യുന്നത്.

ഭീകര പ്രവർത്തനത്തേയും തീവ്രവാദത്തേയും നേരിടാനെന്നപേരിൽ ഇന്ത്യയിലെ ഗവർമ്മേണ്ടുകൾ അപഹാസ്യമായി പലതും ചെയ്തുകൂട്ടുന്നു. സീമാതീതമായ മനുഷ്യാവകാശ ധ്വംസനങ്ങളാണിവിടെ നടക്കുന്നത്. ലോകപ്രസിദ്ധ മനുഷ്യാവകാശ പ്രസ്ഥാനമായ ഹ്യൂമൻ റൈറ്റ്സ് വാച്ച് അവരുടെ കഴിഞ്ഞ കൊല്ലത്തെ റിപ്പോർട്ട് അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്:

"ഇന്ത്യയിലെ ജനങ്ങൾക്ക് അഭിപ്രായ പ്രകടനസ്വാതന്ത്ര്യവും പൗരസ്വാതന്ത്ര്യവും സമാധാനപരമായി പ്രതിഷേധിക്കാനുള്ള സ്വാതന്ത്ര്യവും സംഘടനാ രൂപീകരണ സ്വാതന്ത്ര്യവുമെല്ലാം നൽകാൻ പ്രതിജ്ഞാബദ്ധമാണെങ്കിലും, ഈ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്നുള്ള നിയമങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ ഇന്ത്യാ ഗവർമ്മേണ്ടിന്ന് ഇഛാശക്തിയോ ശേഷിയോ ഉള്ളതായി കാണുന്നില്ല. നീതിനിഷേധം ചിട്ടയായും നിർഭയമായും നടക്കുന്നുണ്ട്. സായുധസേന നടത്തുന്ന മനുഷ്യാവകാശ ലംഘനങ്ങളുടെ കാര്യത്തിലായാലും സ്ത്രീകൾ, കുട്ടികൾ, അവശർ എന്നിവരുടെ സംര

ക്ഷണ കാര്യത്തിലായാലും ഈ നീതി നിഷേധവും നിരങ്കുശത്വവും കാണാം. ചെയ്ത തെറ്റിനെപ്പറ്റി അന്വേഷിക്കുന്നതിലും പ്രോസിക്യൂട്ട് ചെയ്യുന്നതിലും കാണിക്കുന്ന വൈമുഖ്യം കൂടുതൽ തെറ്റുചെയ്യാൻ പ്രേരകമാകുന്നു."

നിയമവാഴ്ചക്കും മനുഷ്യന്റെ വാഴ്ചക്കുമിടയിൽ കടലോളം വലിയ വിടവുണ്ട്. ഇന്ത്യയിൽ ഇന്ന് നടക്കുന്നത് ഫലത്തിൽ മനുഷ്യവാഴ്ചയാണ്; നിയമത്തിന്റെ വാഴ്ചയല്ല. ഇന്ത്യൻ നീതിന്യായ സംവിധാനത്തിന്റെ അധോഗതി, ഭരണകൂടത്തിന്റെ അധോഗതിക്കൊപ്പമാണ് സംഭവിക്കുന്നത്. വീഞ്ഞ് മൊത്തിക്കുടിച്ചുകൊണ്ട് ആഫ്രിക്കയിലെ ക്രിക്കറ്റ് മത്സരം കണ്ടുകൊണ്ടിരിക്കുമ്പോൾ നിങ്ങൾ ഇതൊന്നും അറിയുന്നുണ്ടാവില്ല. ഇത്തവണ തിരഞ്ഞെടുപ്പിന്റെ പേരിൽ താരങ്ങളെ ആഫ്രിക്കയിലേക്കയച്ചു. തിരഞ്ഞെടുപ്പായാലും അല്ലെങ്കിലും താരങ്ങളുടെ സുരക്ഷിതത്വത്തിന്ന് ഉറപ്പുനൽകാൻ തങ്ങൾക്കാവില്ലെന്ന് ഗവർമ്മേണ്ട് പറയുന്നകാലം അകലെയാവില്ല.

ഇന്ത്യയിലെ പൗരന്മാർക്ക് അധികാരികൾ കല്പിച്ചു നൽകുന്ന നിലവരം ഇവിടത്തെ ഭരണാധികാരികൾക്കും തത്തുല്യമായ തോതിൽ കല്പിച്ചു നൽകണം. സത്യത്തിന്നും നുണക്കുമുള്ള നമ്മുടെ മാനദണ്ഡം, ശരിക്കും തെറ്റിന്നുമുള്ള നമ്മുടെ മാനദണ്ഡം ആഗോളവൽക്കരണത്തിന്റെ ആഗമനത്തോടെ ആകെ മാറിപ്പോയിരിക്കുന്നു. ലഘുവായ രണ്ടു ചോദ്യങ്ങൾ സ്വയം ചോദിച്ചുനോക്കൂ:

1. താഴെ പറയുന്നവർക്ക് പൊതുവായുള്ളതെന്താണ്? സോക്രട്ടീസ്, നെൽസൻ മണ്ഡേല, മഹാത്മാ ഗാന്ധി, ജവാഹർലാൽ നെഹ്റു, ജയപ്രകാശ് നാരായൺ, ഫയിസ് അഹമ്മദ് ഫയിസ്, വിനായക് സെൻ, ഐറോം ശാർമ്മിള, മാർട്ടിൻ ലൂതർകിങ് ജൂനിയർ, ഹെൻട്രി തോറോ, ബർട്രാഡ് റസൽ, ഫയോദോർ ദസ്തേവസ്കി - ഇവരിൽ കാണുന്ന പൊതുവായ കാര്യങ്ങൾ എഴുതുക.

2. ഇനി മറ്റൊരു കൂട്ടർ: ഒസാമ ബിൻ ലാദൻ, ജഗദീശ് ടൈറ്റ്ലർ, സജ്ജൻ കുമാർ, നരേന്ദ്രമോഡി, ജ്യോതിബസു, ബാൽതാക്കറെ, ജോർജ് ബുഷ്, ടോണി ബ്ലയർ, ഡോണാൾഡ് റംസ്ഫെൽഡ്, ഡിക്ചീനി, അഡോൾഫ് ഹിറ്റ്ലർ, ജോസഫ് സ്റ്റാലിൻ.

ഈ ചോദ്യത്തിന്നുള്ള ഉത്തരം ഇതാണ്: ആദ്യത്തെ സംഘത്തിൽ പറഞ്ഞിട്ടുള്ളവരെല്ലാം തങ്ങളുടെ ഗവർമ്മേണ്ടിന്റെ അനീതികൾക്കെതിരെ നട്ടെല്ലു നിവർത്തിനിന്ന് സംസാരിച്ചതിന്ന് ജയിലിൽ അടക്കപ്പെട്ടവരാണ്. രണ്ടാമത്തെ സംഘത്തിൽപെട്ടവരെല്ലാം കൂട്ടക്കൊല നടത്തിയവരാണ്. മാത്രമല്ല, തങ്ങൾ ചെയ്ത മഹാപാപങ്ങൾക്ക് കുറ്റവിചാരണക്ക് വിധേയരാകേണ്ടിവരാത്ത ഭാഗ്യശാലികളുമാണ്.

കുറെ കൊല്ലങ്ങൾക്കുമുമ്പ് ഒറീസയിലെ ഒരു വിമത നേതാവായ ദാമോദർ റാത്ത് ഗവർമ്മേണ്ടിന്റെ അന്തം കെട്ട അനീതികളിൽ പ്രതിഷേധിച്ച് ജയിലിന്ന് പുറത്ത് നിരാഹാരവ്രതമാരംഭിച്ചു. ഗവർമ്മേണ്ട് ഒട്ടേറെ എതിരാളികളെ അവിടെ ജയിലിലിട്ടിരുന്നു. തന്നെയും ജയിലിന്നകത്ത് പിടിച്ചിടണമെന്നതുമാത്രമായിരുന്നു റാത്തിന്റെ ഒരേഒരാവശ്യം. ഉപവാസം അങ്ങനെ പത്തുദിവസം തുടർന്നു. അപ്പോഴാണ് വാർഡൻ വന്ന് കാര്യം അന്വേഷിക്കുന്നത്. എന്തു വിഡ്ഢിത്തമാണീ കാണിക്കുന്നതെന്ന് വാർഡൻ ചോദിച്ചു. ജയിലിന്നു പുറത്തുള്ളവരേക്കാൾ നല്ലവരാണ് അകത്തുകിടക്കുന്നവർ എന്നായിരുന്നു റാത്തിന്റെ മറുപടി. അതുകേട്ട അധികൃതർ തടവുകാരെയെല്ലാം വിട്ടയച്ചു. ❑



# മനുഷ്യാവകാശ ധ്വംസനം: ചില അനുഭവ പാഠങ്ങൾ

- മുകുൾ ശർമ്മ -

**പി**.ബി. നാഗബന്തൻ ആഫ്രിക്കയിലെ പ്രസിദ്ധനായൊരു മനുഷ്യാവകാശ പ്രവർത്തകനാണ്. നൈജീരിയയിലെ റിവേഴ്സ് സംസ്ഥാനത്തിൽ ജനിച്ച അദ്ദേഹം ആദ്യം ഒരു പത്രപ്രവർത്തകനായിരുന്നു. പിന്നീടദ്ദേഹം ട്രേഡ് യൂണിയൻ രംഗത്തേക്ക് തിരിഞ്ഞു. നൈജീരിയയിലെ മാരി ടൈം വർക്കേഴ്സ് യൂണിയന്റെ ചെയർമാനായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. തൊഴിലാളികളുടെ സേവന വ്യവസ്ഥകൾ മെച്ചപ്പെടുത്താൻ നിരന്തരം സമരം നടത്തിയതിനാൽ, അവസാനം അദ്ദേഹം പുറത്താക്കപ്പെട്ടു. പക്ഷെ മനുഷ്യാവകാശ പ്രസ്ഥാനങ്ങളിലേക്കും ജനാധിപത്യ സംരക്ഷണ പ്രസ്ഥാനങ്ങളിലേക്കും അദ്ദേഹം തൊഴിലാളികളെ റിക്രൂട്ട് ചെയ്തു.

നൈജീരിയയിലെ പൗര സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ നേതാക്കളിലൊരാളായി നാഗബന്തൻ തിരഞ്ഞെടുക്കപ്പെട്ടു. നൈജർ നദീമുഖമേഖലയുടെ പ്രതിനിധിയായിരുന്നു അദ്ദേഹം. പരിസ്ഥിതി സംരക്ഷണ പ്രസ്ഥാനം, ഫ്രൻഡ്സ് ഓഫ് എർത്ത് പ്രസ്ഥാനം തുടങ്ങിയവയിലും അദ്ദേഹം പ്രവർത്തിച്ചുവന്നു. മനുഷ്യാവകാശങ്ങൾക്കും, പരിസ്ഥിതിക്കും ഏൽക്കുന്ന ക്ഷതങ്ങളെക്കുറിച്ച് അദ്ദേഹം ഗവേഷണം നടത്തി; ആധികാരികമായ റിപ്പോർട്ടുകൾ തയ്യാറാക്കി. ഈ വക പ്രവർത്തനങ്ങളെ മുൻനിർത്തി നാഗബന്തിന്ന് 2001ൽ ഇന്ത്യാനാപ്പൊലീസ് യൂണിവേഴ്സിറ്റിയുടെ മനുഷ്യാവകാശ അവാർഡും 2002ൽ പൗരസ്വാതന്ത്ര്യ സംഘടനയുടെ അവാർഡും ലഭിച്ചു.

ഇതിന്നിടയിൽ നൈജീരിയ പട്ടാളഭരണത്തിൻ കീഴിലായി. പട്ടാളം നാഗബന്തനെ അറസ്റ്റ് ചെയ്ത് തടങ്ങലിലാക്കി. പക്ഷെ ഉടനെതന്നെ അദ്ദേഹത്തെ മോചിപ്പിക്കേണ്ടിവന്നു. കാരണം, ആഫ്രിക്കയിൽ മനുഷ്യാവകാശ സംബന്ധമായ ചില നിയമങ്ങളുണ്ട്; മനുഷ്യാവകാശ സംരക്ഷണത്തിന്നായി പ്രവർത്തിക്കുന്ന ചില സംഘടനകളുമുണ്ട്. തന്മൂലം നാഗബന്തനെ വിടേണ്ടിവന്നു. മനുഷ്യാവകാശങ്ങളെപ്പറ്റിയും പരിസ്ഥിതി മലിനീകരണത്തെപ്പറ്റിയും അദ്ദേഹം നിരന്തരം എഴുതിക്കൊണ്ടിരിക്കുന്നു. പല പത്രങ്ങളിലും അദ്ദേഹത്തിന്റെ ലേഖനങ്ങളും വിശകലനങ്ങളും പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. പട്ടാളത്തിന്റെ അതിക്രമങ്ങളെക്കുറിച്ച് നിരന്തരം എഴുതിയിട്ടും നാഗബന്തൻ ഇപ്പോഴും സ്വതന്ത്രനായി കഴിയുന്നു.

ഇതിനെ ഇന്ത്യയിലെ പൗരസ്വാതന്ത്ര്യ യൂണിയന്റെ വൈസ് പ്രസിഡണ്ടായി ഡോ. വിനായക സെന്നും മറ്റുമുണ്ടായ അനുഭവങ്ങളുമായി താരതമ്യപ്പെടുത്തി നോക്കൂ. ഡോ. സെന്നിന്ന് രണ്ടു കൊല്ലത്തിലേറെകാലം ജയിലിൽ കിടക്കേണ്ടി വന്നു. ഡോ. സെന്നിനെ മോചിപ്പിക്കാനായി ഇന്ത്യക്കകത്തും പുറത്തും നോബൽ സമ്മാനാർഹരും, ഡോക്ടർമാരും, പണ്ഡിതന്മാരും, പത്രക്കാരും, മനുഷ്യാവകാശ പ്രവർത്തകരുമെല്ലാം മുറവിളി കൂട്ടിയിട്ടും ഒരു കാര്യവുമുണ്ടായില്ല. ഒടുവിൽ സുപ്രീം കോടതിക്ക് ഇടപെടേണ്ടിവന്നു.

അന്യായമായി ജയിലിലടക്കപ്പെട്ടത് ഡോ. സെൻ മാത്രമല്ല. ചുരുങ്ങിയത്

178 പേരെങ്കിലും ഇപ്പോഴും തടങ്ങലിൽ കിടപ്പുണ്ട്. ഡോക്ടർമാർ, സന്നദ്ധ സംഘടനാ പ്രവർത്തകർ, പത്രക്കാർ, ഫിലിം നിർമ്മാതാക്കൾ, കർഷകർ, ഭൂരഹിത കർഷക തൊഴിലാളികൾ, സാംസ്കാരിക പ്രവർത്തകർ തുടങ്ങിയവരെല്ലാം ഇത്തരത്തിൽ ജയിലിലടക്കപ്പെട്ടവരിൽ പെടും. ഇത്തരം അതിക്രമങ്ങളെ നേരിടാൻ ഇന്ത്യയിലൊരു സംവിധാനവുമില്ലെന്നതാണ് വാസ്തവം.

കഴിഞ്ഞ ഏപ്രിൽ 20 മുതൽ 23 വരെ ഉഗണ്ടയുടെ തലസ്ഥാനമായ കാമ്പാലയിൽ ഒരു ആഫ്രിക്കൻ മനുഷ്യാവകാശ സമ്മേളനം നടക്കുകയുണ്ടായി. 45 ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള 85 മനുഷ്യാവകാശ പ്രവർത്തകരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ 33 പ്രതിനിധികളുമാണ് ഇതിൽ പങ്കെടുത്തത്. ഈ സമ്മേളനം മനുഷ്യാവകാശ സംബന്ധമായ "കാമ്പാല പ്രഖ്യാപന"ത്തിന് രൂപം നൽകി.

ഇന്ത്യക്കാർ ശ്രദ്ധിക്കേണ്ട ഒരു പ്രഖ്യാപനമാണിത്. 1998 നവമ്പറിൽ ദക്ഷിണാഫ്രിക്കയിൽ നടന്ന ആഫ്രിക്കൻ മനുഷ്യാവകാശ സമ്മേളനത്തിന്റെ ഒരു തുടർച്ചയാണ് കാമ്പാല പ്രഖ്യാപനം. ആഫ്രിക്കയിലെ മനുഷ്യാവകാശ പ്രവർത്തകർ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തൽ, ദേശീയവും അന്തർദേശീയവുമായ തലങ്ങളിൽ മനുഷ്യാവകാശ സംരക്ഷണത്തിന്ന് നിലവിലുള്ള കരുക്കളിൽ പരിശീലിപ്പിക്കൽ, മനുഷ്യാവകാശ പ്രവർത്തകരുടെ സുരക്ഷിതത്വ കാര്യങ്ങൾ നോക്കൽ, അവരുടെ പ്രവർത്തന സ്വാതന്ത്ര്യത്തിന്ന് മാർഗ്ഗമുണ്ടാക്കൽ, മനുഷ്യാവകാശ പ്രവർത്തകരുടെ സംരക്ഷണത്തിന്ന് നിയമമുണ്ടാക്കൽ, മനുഷ്യാവകാശ ധ്വംസനങ്ങളിൽ പെട്ടെന്ന് ഇടപെടാൻ കഴിയുന്ന കർമ്മ ശൃംഖലകൾ ഉണ്ടാക്കൽ എന്നീ കാര്യങ്ങളിൽ 1998ലെ സമ്മേളനം യോജിപ്പിലെത്തിയിരുന്നു. ഈ സമ്മേളനത്തിന്നുശേഷം പല നേട്ടങ്ങളും കൈവരിക്കാനും കഴിഞ്ഞു.മനുഷ്യാവകാശ ധ്വംസനം നോക്കാൻ ആഫ്രിക്കക്കൊരു ഐക്യരാഷ്ട്ര പ്രതിനിധിയെ നിയമിച്ചു; മനുഷ്യാവകാശ -ജനകീയാവകാശങ്ങൾക്കുള്ള ആഫ്രിക്കൻ കമ്മീഷനിലേക്ക് ഒരു ഐ.രാ. പ്രതിനിധിയെ നിയമിച്ചു; അന്താരാഷ്ട്ര തലത്തിലുള്ള മനുഷ്യാവകാശ നിയമങ്ങൾ അംഗീകരിച്ചു; ആഫ്രിക്കൻ മേഖലക്കായി മനുഷ്യാവകാശ ശൃംഖലയുണ്ടാക്കി. പശ്ചിമാഫ്രിക്ക, മധ്യാഫ്രിക്ക, പൂർവ്വാഫ്രിക്ക എന്നിവക്ക് പ്രത്യേക ശൃംഖല രൂപപ്പെടുത്തി.

തങ്ങളുടെ ചുമതല നിറവേറ്റുമ്പോൾ നാനാതരം ഭീഷണികളെ നേരിടേണ്ടി വരുന്നുണ്ടെന്ന് ആഫ്രിക്കയിലെ മനുഷ്യാവകാശ പ്രവർത്തകർ പറയുന്നു. എന്നാൽ നിലവിലുള്ള പ്രതിരോധ ശൃംഖലകൾ ശക്തിപ്പെടുത്താനും പുതിയവക്ക് രൂപം നൽകാനും അവർ ശ്രമിക്കുന്നു. മനുഷ്യാവകാശ പ്രവർത്തകരുടെ സംരക്ഷണത്തിന്ന് പ്രാദേശിക തലത്തിലും ആഫ്രിക്കൻ തലത്തിലും അന്താരാഷ്ട്ര തലത്തിലും അവർ തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നുണ്ട്.

ഇന്ത്യയിൽ ഒറ്റപ്പെട്ട പല പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. എന്നാൽ മനുഷ്യാവകാശ പ്രവർത്തകരുടെ പദവിയും പങ്കും സംബന്ധിച്ച് വ്യക്തമായൊരു ധാരണ വേണം. കൂടുതൽ മെച്ചപ്പെട്ട സംഘടനയും ആശയവിനിമയ സൗകര്യവും വേണം, പ്രാദേശിക തലത്തിലും ദേശീയ തലത്തിലും മനുഷ്യാവകാശ പ്രവർത്തകരുടെ സംരക്ഷണത്തിന്ന് സംവിധാനം ഉണ്ടാകണം. അതല്ലെങ്കിൽ മനുഷ്യാവകാശ പ്രവർത്തകർക്ക് ജയിലിൽതന്നെ കഴിയേണ്ടിവരും. ❑

# ആ അഴിമതി പുറത്തു കൊണ്ടുവന്ന ആൾ

ഇന്ത്യൻ സാഹചര്യങ്ങൾ വച്ചു നോക്കുമ്പോൾ ഇതു നിസ്സാരമാണ്. പക്ഷെ ബ്രിട്ടീഷുകാർ അവരുടെ ജനപ്രതിനിധികളുടെ നിസ്സാര അഴിമതിയിൽപോലും കടിച്ചുതൂങ്ങി ഭൂകമ്പമുണ്ടാക്കും. അത്തരമൊരു ഭൂകമ്പമാണിപ്പോൾ ബ്രിട്ടനിൽ നടന്നുകൊണ്ടിരിക്കുന്നത്.

എം.പി. മാർ മാന്യന്മാരാണെന്നാണ് വയ്പ്. അവർക്കുണ്ടാകുന്ന ചെലവിന്ന് ബില്ലെഴുതിക്കൊടുത്താൽ ഖജനാവിൽ നിന്ന് പണം കിട്ടും. പണ്ടുമുതൽക്കേയുള്ള ഏർപ്പാടാണിത്.

എന്നാൽ ഈയിടെ ചില എം.പി.മാർ കള്ള ബിൽ ഹാജരാക്കി പണം പറ്റിത്തുടങ്ങിയിട്ടുണ്ട്. അതാരും അറിഞ്ഞിരുന്നില്ല. എം.പി. മാർ മാന്യന്മാരാണല്ലൊ.

എന്നാൽ "ടെലഗ്രാഫ്" എന്ന പത്രം എം.പി.മാർ നടത്തിവരുന്ന അഴിമതികളുടെ വിവരങ്ങൾ പുറത്തുവിട്ടു. ഒന്നല്ല; രണ്ടല്ല; ഒട്ടേറെ എം.പി.മാർ "കള്ളന്മാ"രുടെ പട്ടികയിൽ പെടുമെന്ന് ടെലഗ്രാഫ് പറയുന്നു. പത്രം ഓരോരോ കള്ളന്മാരുടെ കഥകൾ പുറത്തുവിട്ടതോടെ ജനങ്ങൾ നടുങ്ങി. ബ്രിട്ടീഷ് രാഷ്ട്രീയം തന്നെ കുളമായി മാറിയിരിക്കുകയാണിപ്പോൾ.

പത്രത്തിന്ന് ഈ വിവരങ്ങൾ എവിടെ നിന്നു കിട്ടി? ആരാണിതിന്റെ പിന്നിൽ? ഇന്ത്യയിലായിരുന്നുവെങ്കിൽ, പത്രാധിപരെ പിടിച്ച് ജയിലിലിട്ട് കാര്യം അവസാനിപ്പിക്കാമായിരുന്നു. എം. പി. മാരുടേയും മന്ത്രിമാരുടേയും അഴിമതി രഹസ്യമായി ക്യാമറയിൽ പകർത്തി ജനസമക്ഷം അവതരിപ്പിച്ച തെഹൽകക്കുണ്ടായ ഗതികേട് ഓർക്കുക. എന്നാൽ ബ്രിട്ടനിൽ അങ്ങനെയല്ല.

ടെലഗ്രാഫിന്ന് ഈ രഹസ്യം ചോർത്തി കൊടുത്തത് ഒരു മുൻ സൈനികോദ്യോഗസ്ഥനായ ജോൺ വിക് ആണെന്ന് ഇപ്പോൾ തെളിഞ്ഞു. ഇപ്പോൾ ഒരു സ്വകാര്യ രഹസ്യാമ്പേഷണ ഏജൻസി നടത്തിവരുന്ന ആളാണ് വിക്. പക്ഷെ ബ്രിട്ടീഷ് ജനപ്രതിനിധി സഭയിലെ ആരാണീ രഹസ്യം ചോർത്തിതന്നതെന്നു പറയാൻ അദ്ദേഹം വിസമ്മതിച്ചു; ഈ രഹസ്യം ചോർത്തി കൊടുത്തതിന്ന് "ടെലഗ്രാഫ്" പ്രതിഫലം വല്ലതും നൽകിയോ എന്ന ചോദ്യത്തിന്നും വിക് മറുപടി പറയുന്നില്ല.

കഴിഞ്ഞ നാലു വർഷം എം.പി.മാർ സമർപ്പിച്ച ചെലവു ബില്ലിന്റെ ലിസ്റ്റ് തന്റെ കയ്യിൽ കിട്ടിയിട്ടുണ്ടെന്നും അതു കണ്ട താൻ അന്തംവിട്ട് നിന്നു പോയെന്നും വിക് പറയുന്നു. ടെലഗ്രാഫ് ഇതിന്നകം ഇരുന്നുറോളം എം.പി. മാരുടെ വിവരം പുറത്തു വിട്ടിട്ടുണ്ട്.

എം.പി. മാരുടെ അഴിമതി പുറത്തു കൊണ്ടു വരേണ്ടത് പൊതുതാൽപര്യത്തിന്നാവശ്യമാണെന്ന ബോധമാണ് തന്നെ ഇത് പരസ്യമാക്കാൻ പ്രേരിപ്പിച്ചതെന്ന് വിക് പറഞ്ഞു. ഒരു തികഞ്ഞ യാഥാസ്ഥിതിക കക്ഷിക്കാരനാണിദ്ദേഹം. യാഥാസ്ഥിതിക കക്ഷിയുടെ ഉന്നത നേതാക്കളിൽ പലരുമായും അടുത്ത ബന്ധം അദ്ദേഹത്തിന്നുണ്ട്. പക്ഷെ പൊതു താൽപര്യം വരുമ്പോൾ രാഷ്ട്രീയ ബന്ധങ്ങളെല്ലാം മാറ്റി വയ്ക്കണമെന്നു വിക് പറഞ്ഞു.

ഇതൊരു വ്യാപകമായ അഴിമതിയാണ്. എല്ലാ കക്ഷിക്കാരും ഇതിൽ പെടും. ചില യാഥാസ്ഥിതിക എം.പി.

# ബുഷിന്റെ കിരാത വാഴ്ചയിലെ നാലു രഹസ്യ കൽപ്പനകൾ

- ഫിലിപ് സാൻഡ്സ് -

**ഏ**പ്രിൽ മൂന്നാം വാരത്തിൽ അമേരിക്ക പ്രസിദ്ധീകരിച്ച നാലു രഹസ്യ കൽപ്പനകൾ വായിച്ച് അമേരിക്കക്കാരെല്ലാം അമ്പരന്നിരുന്നു പോയിട്ടുണ്ടാകണം. ഐക്യരാഷ്ട്ര സമിതിയും അമേരിക്കയും നിരോധിച്ചിട്ടുള്ള ദണ്ഡന മുറകൾ പ്രയോഗിക്കുന്നതിന്ന് ഏതറ്റം വരെ പോകാനും ബുഷ് തയ്യാറായിരുന്നുവെന്ന് ഈ കല്പനകൾ വ്യക്തമാക്കുന്നു.

ഈ രഹസ്യ കൽപ്പനകൾ വേട്ടയാടിപിടിച്ച് പുറത്തുകൊണ്ടുവന്ന അമേരിക്കൻ പൗരസ്വാതന്ത്ര്യ യൂണിയൻ അഭിനന്ദനമർഹിക്കുന്നു. തന്റെ സി.ഐ.എ. ഡയറക്ടർ എതിർത്തിട്ടും ഈ രഹസ്യ കൽപ്പനകൾ പ്രസിദ്ധീകരിക്കാൻ കൽപ്പന നൽകിയ പ്രസിഡണ്ട് ഒബാമയും അനുമോദനമർഹിക്കുന്നു.

സംശയത്തിന്റെ അടിസ്ഥാനത്തിൽ അറസ്റ്റ് ചെയ്യപ്പെടുന്നവരെ ചോദ്യം ചെയ്യുമ്പോൾ പ്രയോഗിക്കാൻ പാടില്ലെന്ന് വ്യവസ്ഥ ചെയതിട്ടുള്ള ദണ്ഡന മുറകളിൽ ഒമ്പതെണ്ണത്തിന്നാണ് അമേരിക്കൻ നീതിന്യായ വകുപ്പ് 2002 ആഗസ്തിൽ അംഗീകാരം നൽകിയത്. ഇതിനേക്കാൾ നടുക്കിക്കളയുന്ന ഒരു നിയമോപദേശം ഇതിന്നു മുമ്പാരെങ്കിലും നൽകിയിട്ടുണ്ടോ എന്നു സംശയമാണ്. ഇരുണ്ട കാളരാത്രികളിൽ മാത്രം സംഭവിക്കുന്നതാണിത്. അമേരിക്കൻ ദേശീയ സുരക്ഷിതത്വത്തിന്നും അമേരിക്കയുടെ സൽപേരിന്നും തീർത്താൽ തീരാത്ത കളങ്കം വരുത്തിയ നടപടിയാണിത്.

9/11 ന്നു ശേഷം സംശയിച്ചു പിടികൂടിയവരെ ചോദ്യം ചെയ്യാൻ സി.ഐ.എ. ക്ക് അനുവദിച്ചു കൊടുത്ത ദണ്ഡനമുറകൾ ഇവയാണ്:

1. തടവുപുള്ളിയെ ഒരു പലകയിൽ മലർത്തിക്കിടത്തി തല കീഴോട്ട് തൂക്കിയിടുന്നു. അതിന്നു ശേഷം തടവുപുള്ളിയുടെ മുഖത്ത് ഒരു തൂണി ഇടണം. ഈ തുണിയിന്മേൽ ഇരുപത് സെക്കന്റിൽ കവിയാത്ത നേരത്തേക്ക് തണുത്തവെള്ളം ഒഴിക്കണം. അപ്പോൾ തടവുപുള്ളിക്ക് ശ്വാസം മുട്ടും; മുങ്ങിച്ചാകാൻ പോകുന്ന പ്രതീതിയുളവാകും.

2. തടവുപുള്ളിയെ ഒരു ചുമരിൽ ഇടിക്കണം അതൊരു ശരിയായ ചുമരാണെന്ന് തടവുപുള്ളിക്ക് തോന്നുമെങ്കിലും അയവുള്ളതാകണം. അപ്പോൾ ഇടിയുടെ ശബ്ദം അധികം കേൾക്കും.

3. ഉറക്കം കെടുത്തൽ: തടവുപുള്ളിയെ 180 മണിക്കൂർവരെ ഉറങ്ങാൻ അനുവദിക്കരുത്. കൈകൾ മുന്നോട്ട് ചേർത്ത് കെട്ടി നിൽക്കുന്ന നിലയിൽ കെട്ടി നിർത്തുക അപ്പോൾ ഉറങ്ങാൻ കഴിയില്ല.

4. നഗ്നത: മന:ശാസ്ത്രപരമായ അസ്വാസ്ഥ്യം ഉളവാക്കാൻ തടവുപുള്ളിയെ പൂർണ നഗ്നനായി നിർത്തുക.

5. പ്രാണി: അൽഖെയ്ദക്കാരനാണെന്നു കരുതപ്പെടുന്ന അബുസുബൈദക്കെതിരെ പ്രയോഗിച്ച ദണ്ഡന മുറയാണിത്. സുബൈദയെ ചെറിയൊരു പെട്ടിയിലാക്കി അടക്കുക. ആ പെട്ടിയിൽ തേളിനെപ്പോലെ കുത്തുന്ന ഒരു പ്രാണിയെ കയറ്റിവിടുമെന്ന് പറയുക. പക്ഷെ പെട്ടിയിൽ കയറ്റുന്നത് വിഷമില്ലാത്ത ഒരു പ്രാണിയെയായിരിക്കണം. (ഈ ടെക്നിക് തങ്ങൾ ഒരിക്കലും പ്രയോഗിച്ചിട്ടില്ലെന്ന് സി.ഐ.എ. പറയുന്നു.)

6. വിരലുകൾ വിടർത്തിപ്പിടിച്ച് മുഖത്തടിക്കുക.

7. തണുത്ത വെള്ളത്തിലിടുക; താൻ ഐസായി പോകുന്ന പ്രതീതിയുളവാക്കുക.

8. പട്ടിണിക്കിടുക.

9. വളരെ ചെറിയ പെട്ടികളിൽ ഇട്ടടക്കുക. (ഇത് ഗുണം ചെയ്യില്ലെന്നും, നേരെമറിച്ച് തടവുപുള്ളിക്ക് തൽക്കാലത്തേക്കെങ്കിലും സുരക്ഷിതത്വമുളവാക്കുകയേ ചെയ്യുള്ളുവെന്നും പറയുന്നു.)

ജനങ്ങൾ സത്യം അറിഞ്ഞിരിക്കണമെന്നതുകൊണ്ടാണ് താൻ ഈ രഹസ്യകൽപ്പനകൾ പുറത്തുവിടുന്നതെന്ന് പ്രസിഡണ്ട് ഒബാമ വ്യക്തമാക്കിയിട്ടുണ്ട്. ഗവർമ്മേണ്ടിന്റെ കൽപ്പനയനുസരിച്ച് ചോദ്യം ചെയ്ത ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കില്ലെന്ന് ഒബാമ പറഞ്ഞുവെങ്കിലും, ചെയ്തത് കുറ്റകൃത്യമാണെന്ന് പ്രസിഡണ്ട് സമ്മതിക്കുന്നു. അതിന്നർത്ഥം രഹസ്യ കൽപ്പനകൾ നൽകിയവരെ പിടികൂടും എന്നാണ്. ❑

---

മാരുടെ നടപടികൾ ലേബർ പാർട്ടിക്കാരുടേതുപോലെത്തന്നെ അപലപനീയമാണ്. അതിനാൽ മറ്റു കക്ഷികളെപ്പോലെ യാഥാസ്ഥിതികരും അതിന്റെ ഭവിഷ്യത്ത് അനുഭവിച്ചേ തീരൂ.

ഈ അഴിമതിയുടെ വിവരം മറ്റു പല പത്രങ്ങളേയും താൻ അറിയിക്കുകയുണ്ടായെന്ന് വിക് പറയുന്നു. എന്നാൽ ഒടുവിൽ ടെലഗ്രാഫ് മുഖേന ഈ വിവരം പുറത്തു വിടാൻ തീരുമാനിച്ചു. വിവരങ്ങൾ പക്ഷപാതം കൂടാതെ അവതരിപ്പിക്കാമെന്ന് ടെലഗ്രാഫ് ഉറപ്പു നൽകിയതിനെത്തുടർന്നാണ് അവർക്ക് വിവരങ്ങൾ നൽകിയത്. ❑

---

## സ്ത്രീകളുടെ ശരീരപരിശോധന

**മ**ണിപ്പൂർ തലസ്ഥാനമായ ഇംഫാലിൽ സ്ത്രീകളുടെ ശരീര പരിശോധന പരസ്യമായി നടത്തിയതിനെക്കുറിച്ച് അന്വേഷിക്കാനും കുറ്റക്കാരായ പോലീസുകാരികൾക്ക് തക്ക ശിക്ഷ നൽകാനും മണിപ്പൂർ വനിതാ കമ്മീഷൻ പോലീസ് ഡയറക്ടർ ജനറലിന്ന് കല്പന നൽകി.

ഒളിച്ചുകടത്തുന്ന ആയുധങ്ങൾ കണ്ടുപിടിക്കാൻ ഇംഫാലിൽ ഇടക്കിടെ മിന്നൽ പരിശോധനകൾ നടത്താറുണ്ട്. അതിന്റെ ഭാഗമായിരുന്നു ഈ പരിശോധന. പുരുഷന്മാരും സ്ത്രീകളും കൂടിനിൽക്കുന്നിടത്ത്, പുരുഷന്മാരുടെ മുന്നിൽവച്ച്, സ്ത്രീകളുടെ ശരീരപരിശോധന നടത്തി. പുരുഷന്മാർ നോക്കിനിൽക്കുന്നതിന്റേയും കൂക്കി വിളിക്കുന്നതിന്റേയും ചിത്രങ്ങൾ ഇവിടത്തെ പത്രങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സ്ത്രീകളുടെ ശരീരപരിശോധന നടത്താൻ വ്യവസ്ഥയുണ്ടെങ്കിലും അത് ഒറ്റപ്പെട്ടനിലയിൽ നടത്തുകയാണ് പതിവ്. വനിതാ കമ്മീഷന്റെ വിമർശനത്തെത്തുടർന്ന് പോലീസ് ഇപ്പോൾ ശരീരപരിശോധന നിർത്തിവച്ചിരിക്കുകയാണ്. ❑

# ഡോ. വിനായക് സെന്നുമായി അല്പനേരം

- സ്നിഗ്ധ ഹസൻ -

**പ**ൗരസ്വാതന്ത്ര്യത്തിന്നുള്ള പീപ്പിൾസ് യൂണിയന്റെ (PUCL) വൈസ് പ്രസിഡണ്ടായ ഡോ. വിനായക് സെന്നിന്ന് സുപ്രീം കോടതി ഈയിടെ ജാമ്യമനുവദിക്കുകയുണ്ടായി. ഡോ. സെന്നിന്ന് നക്ഷലുകളുമായി ബന്ധമുണ്ടെന്ന് ആരോപിച്ചാണ് അദ്ദേഹത്തെ രണ്ടുകൊല്ലം മുമ്പ് ജയിലിലടച്ചത്. ജയിൽ വിമുക്തനായ ഡോ. സെന്നുമായി അല്പനേരം -

ചോ: താങ്കളുടെ ജാമ്യാപേക്ഷയിൽ തീരുമാനമെടുക്കാൻ രണ്ടുകൊല്ലം വേണ്ടിവന്നുവല്ലോ?

ഡോ: ഒരു തെളിവുമില്ലാത്ത ഒരു കള്ളക്കേസിന്റെ കാര്യം ഇത്ര നീണ്ടു പോകാൻ പാടില്ലായിരുന്നു. ഇതിത്ര നീണ്ടുപോയതെന്തുകൊണ്ടാണെന്ന് എനിക്കോ എന്റെ വക്കീൽമാർക്കോ അറിയില്ല. ഏതായാലും ജാമ്യം അനുവദിച്ച സ്ഥിതിക്ക് ഞാൻ വളരെ നന്ദിയുള്ളവനാണ്.

ചോ: താങ്കൾക്കുണ്ടായ ഈ അനുഭവം മറ്റുള്ളവരെ മനുഷ്യാവകാശ പ്രവർത്തനത്തിൽനിന്ന് പിൻതിരിപ്പിക്കില്ലേ?

ഡോ: എന്റേത് ഒരു സൂചകം മാത്രമാണ്. ലോകത്തെയാകെ ബാധിച്ചിട്ടുള്ള ഒരു രോഗത്തിന്റെ ലക്ഷണം മാത്രമാണിത്. തലമൂത്ത പ്രവർത്തകരെ കള്ളക്കേസിൽ കുടുക്കുമ്പോൾ മനുഷ്യാവകാശ സംരക്ഷണരംഗത്ത് പ്രവർത്തിക്കുന്നവരെ അതു ബാധിക്കും.

ചോ: ഛത്തീസ് ഗഡിലെ ഗോത്ര വർഗ്ഗക്കാർക്കിടയിൽ പ്രവർത്തിക്കാൻ



ഡോ. വിനായക് സെൻ

നിങ്ങളെ പ്രേരിപ്പിച്ചതെന്താണ്?

ഡോ: ഇതൊരു ഒറ്റപ്പെട്ട തീരുമാനമാനമല്ല. ഇതേ സേവനമനുഷ്ഠിക്കുന്ന ഒട്ടേറെപേർ വേറെയുണ്ട്. പകർച്ചവ്യാധി സിദ്ധാന്തത്തെ പിൻതുടരുകയാണ് ഞങ്ങൾ ചെയ്തത്. രോഗത്തെ ഒറ്റതിരിച്ചെടുക്കുന്നതിന്നുപകരം, രോഗബാധിതരായ ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിചെല്ലുകയാണ് ഞങ്ങൾ ചെയ്തത്.

ചോ: ഗവർമ്മേണ്ട് എന്തുകൊണ്ടാണ് നിങ്ങളെ ഒറ്റതിരിച്ച് വേട്ടയാടുന്നത്?

ഡോ: ജനങ്ങളെ ബോധ്യപ്പെടുത്തുന്ന വിധത്തിൽ ഞാൻ കാര്യങ്ങൾ തുറന്നുപറയും. സാൽവ ജൂഡാനേയും ഏറ്റുമുട്ടൽ മരണങ്ങളേയും ഞാൻ വിമർശിക്കാറുണ്ട്. ഈ വിമർശനം ഇനിയും പൊറുക്കാനാവില്ലെന്ന് ഗവർമ്മേണ്ട് കരുതിയിരിക്കണം.

ചോ: പൗരസ്വാതന്ത്ര്യയൂണിയൻ, സർക്കാരിതര സംഘടനകൾ, ദേശീയ മനുഷ്യാവകാശ കമ്മീഷൻ എന്നിവ തമ്മിൽ വല്ല ഉരസലുമുണ്ടോ?

ഡോ: ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശരിക്കു പ്രവർത്തിക്കുന്നില്ല. ഇന്ത്യയിലെ പാവങ്ങൾ അനുഭവിക്കുന്ന മനുഷ്യാവകാശ ധ്വംസനങ്ങളെ നോക്കാൻ രൂപീകരിച്ചതാണ് ഈ കമ്മീഷൻ. പൗരസ്വാതന്ത്ര്യയൂണിയനും മറ്റു സംഘടനകളും ഇതിന്റെ പോരായ്മകൾ നികത്താൻ ശ്രമിക്കുന്നുണ്ട്. പക്ഷെ അവർക്കൊന്നും ദേശീയതലത്തിലുള്ള ഒരു കമ്മീഷന്ന് ബദലായിത്തീരാൻ കഴിയില്ല.

ചോ: ജനങ്ങളുടെ യഥാർത്ഥ പ്രശ്നം കൈകാര്യം ചെയ്യുന്നതിൽ സംസ്ഥാന ഗവർമ്മേണ്ടും നക്ഷലുകളും പരാജയപ്പെട്ടിരിക്കുകയാണോ?

ഡോ: ഇരുകൂട്ടരും സായുധനേരിടൽ എന്ന വിഷമവൃത്തത്തിൽ പെട്ടിരിക്കുകയാണ്. അതിന്നിടയിൽപെടുന്ന ജനങ്ങൾ അനാവശ്യമായി കൊല്ലപ്പെടുന്നു. ഒരു സമാധാന അജണ്ടയും വച്ചു പ്രവർത്തിച്ചാലേ യഥാർത്ഥ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകൂ.

ചോ: നക്ഷലുകൾ സമാധാന മാർഗ്ഗത്തിലേക്ക് വരുമെന്ന് താങ്കൾ കരുതുന്നുണ്ടോ?

ഡോ: ഞാനൊരു നക്ഷൽ അനുഭാവിയല്ല. ഞാൻ ഈ പ്രസ്ഥാനത്തെ പിന്താങ്ങുന്നുമില്ല. പാവങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്നതാണ് കാര്യം.

ചോ: നിങ്ങളുടെ രാഷ്ട്രീയം നിങ്ങളെ തിരഞ്ഞെടുക്കുന്നതിന്നു മുമ്പ് നിങ്ങൾ നിങ്ങളുടെ രാഷ്ട്രീയത്തെ തിരഞ്ഞെടുക്കണം എന്ന് താങ്കൾ ഒരിക്കൽ പറയുകയുണ്ടായി. ഈയിടെ പുതിയൊരു ഗവർമ്മേണ്ട് നിലവിൽവന്നുവല്ലോ.

ഡോ: തിരഞ്ഞെടുപ്പെന്ന ജനാധിപത്യ പ്രക്രിയയിൽ ഞങ്ങൾ വിശ്വസിക്കുന്നു. പുതിയ ഗവർമ്മേണ്ടിന്ന് സാധ്യതകൾ ഏറെയുണ്ട്. തൊഴിലവകാശനിയമം പോലുള്ള മുൻകയ്യുകൾ ഗവർമ്മേണ്ടിന്റെ ഭാഗത്തുനിന്നുണ്ടാകണം. പക്ഷെ ഛത്തിസ് ഗഡിലെ തിരഞ്ഞെടുപ്പുഫലം നിരാശാവഹമാണ്.

ചോ: നിങ്ങൾ നിങ്ങളുടെ സാമൂഹ്യ സേവന സംഘടനയായ “രൂപാന്തറി”ലേക്ക് മടങ്ങുമോ?

ഡോ: അതൊരു ചെറിയ സർക്കാരേതര സംഘടനയാണ്. രൂപാന്തറുമായി ബന്ധപ്പെട്ടവർ അവരുടെ പ്രവർത്തനം തുടരുന്നുമുണ്ട്. ജയിലിൽ പിടിച്ചിട്ടതിനാൽ അതിലെ എന്റെ പ്രവർത്തനം മുടങ്ങി. ജയിൽവിമുക്തനായ സ്ഥിതിക്ക് അതിലേക്കു തന്നെ മടങ്ങാമെന്ന് ഞാൻ കരുതുന്നു.

ചോ: ആംനസ്റ്റി ഇന്റർനാഷനൽ, നോം ചോംസ്കിയെപ്പോലേയും അമർത്ത്യസെന്നിനെപ്പോലെയും ഉള്ള ആളുകൾ എന്നിവരെല്ലാം താങ്കൾക്കു വേണ്ടി ശബ്ദമുയർത്തുകയുണ്ടായി. അവർക്കു താങ്കളുടെ സന്ദേശം?

ഡോ: ഞാനൊരു ചെറിയ മനുഷ്യനാണ്. ഇവരെയൊക്കെ “എന്റെ” ആളുകളായി പറയാനാവില്ല. അവരൊക്കെ വലിയ കാര്യങ്ങൾക്കായി നിലകൊള്ളുന്നു. ഞങ്ങളും ആ രംഗത്തുണ്ടെന്നേയുള്ളൂ. ഇവരെല്ലാം എനിക്കു നൽകിയ അസാധാരണമായ ബഹുമതിക്ക് ഞാനവരോട് നന്ദിയുള്ളവനാണ്. ❑

# ജനാധിപത്യത്തെ തകർക്കുന്ന ഇന്ത്യയിലെ കുടുംബ രാഷ്ട്രീയം

- അഞ്ജലി മോഡി -

**പ**ത്തുകൊല്ലംമുമ്പ് ലണ്ടനിൽ വച്ചാണിതുണ്ടായത്. പരേതയായ ബേനസീർ ഭൂട്ടോയുമായി സൊള്ളു കയായിരുന്നു. ഇന്ത്യയിലേക്കു മട ങ്ങാനുള്ള എന്റെ പ്ലാനിനെപ്പറ്റി ഞാൻ പറഞ്ഞു. ഇത്രകാലവും വിദേശത്ത് പണിയെടുത്ത ശേഷം ഇപ്പോൾ നാട്ടിലേക്ക് മടങ്ങുന്നതെന്തിനാ ണെന്ന് ബേനസീർ ചോദിച്ചു. അന്ന് ലണ്ടൻ യൂനിവേഴ്സിറ്റിയിലെ പ്രൊഫസറായിരുന്ന എന്റെ ഭർത്താവ് രാഷ്ട്രീയത്തിൽ പ്രവേശി ക്കാനായി പ്ലാനിടുകയാണെന്ന് ഞാൻ തമാശയായി പറഞ്ഞു. കേട്ട പടി ബേനസീർ ചോദിച്ചു, എന്റെ ഭർത്താവ് രാഷ്ട്രീയ കുടുംബത്തിൽ പെട്ട ആളാണോ എന്ന്.

രാഷ്ട്രീയത്തിന്റെ മുഖ്യധാരയിൽ പ്രവേശിക്കാൻ കുടുംബ ബന്ധം ഉത കുമെന്ന് എനിക്കറിയാമായിരുന്നുവെ ങ്കിലും, അതുമാത്രമാണൊരു മാർഗ്ഗ മെന്ന് ഞാനന്ന് കരുതിയിരുന്നില്ല. രാഷ്ട്രീയ കുടുംബബന്ധമൊന്നുമി ല്ലാതെ ഒട്ടേറെ പേർ അന്ന് പാർലി മെന്റിൽ ഉണ്ടായിരുന്നു. എന്നാൽ ഈയിടെ പുതിയ എം.പി. മാരുടെ സത്യപ്രതിജ്ഞ കഴിഞ്ഞപ്പോൾ, ബേനസീറിന്റെ വാക്കുകൾ എന്റെ കാതിൽ മുഴങ്ങാൻ തുടങ്ങി. അഗത സംഗ്മ തപ്പിത്തടഞ്ഞ് സത്യപ്രതി ജ്ഞാവാചകം ചൊല്ലുന്നത് കേട്ട പ്പോൾ പ്രത്യേകിച്ചും അത് ശരിയാ ണെന്നു തോന്നി. അഗതയുടെ അഛന്റെ മുൻസുഹൃത്തുക്കളും ഇപ്പോഴത്തെ സുഹൃത്തുക്കളുമട ങ്ങിയ ശ്രോതാക്കൾ അത് കൗതുക പൂർവ്വം കേട്ടുകൊണ്ടിരുന്നു. ഒരു വിധത്തിൽ അവർ സത്യപ്രതിജ്ഞാ വാചകം വായിച്ചുതീർത്തപ്പോൾ അവ രെല്ലാം കയ്യടിച്ചു. നാലുവയസ്സുള്ള ഒരു കുട്ടി നഴ്സറിയിലെ വാർഷിക ത്തിൽ പദ്യശകലം തെറ്റുപറ്റാതെ ചൊല്ലി തീർക്കുമ്പോൾ കുടുംബാം ഗങ്ങൾക്കും സുഹൃത്തുക്കൾക്കും തോന്നുന്ന ആശ്വാസം പോലെയായി രുന്നു അത്. അമ്പടി മിടുക്കീ!

ഒരു തലമുറയിൽനിന്ന് അടുത്ത തലമുറയിലേക്കുള്ള സീറ്റ് കൈമാറ്റ മെന്ന പ്രക്രിയ കഴിഞ്ഞ പാർലി മെന്റിൽ ആരംഭിച്ചതാണ്. ഈ പാർലിമെന്റ് തിരഞ്ഞെടുപ്പോടെ അതിന്നു ഊക്കു കൂടി. തിങ്ങിനി റഞ്ഞ പാർലിമെന്റ് ബഞ്ചുകളിൽ എത്രയെത്ര പുത്രന്മാരും പുത്രിമാരു മാണ് നിരന്നിരിക്കുന്നത്. പാർലിമെ ന്റിലോ നിയമസഭയിലോ പാർട്ടി യുടെ ഉന്നത തലങ്ങളിലോ വിരാചി ച്ചിരുന്നവരുടെ മക്കളല്ലാത്ത ഒരാളെ പാർലിമെന്ററിൽ ഇന്നു കണ്ടെത്തുക വിഷമമാണ്. ഇത്തരമൊരു ലോക ത്തിൽ ബേനസീറിന്റെ വാക്കുകൾ എത്ര അർത്ഥവത്താണ്! കുടുംബ ബന്ധമൊന്നും താങ്ങായിട്ടില്ലാത്ത ഒരാൾക്ക് ഇന്ന് രാഷ്ട്രീയത്തിൽ പ്രവേശിക്കുക വിശഷമമാണെന്ന താണ് വസ്തുത.

എന്നാൽ അതിനേക്കാൾ അസ്വാ സ്ഥ്യജനകമായിട്ടുള്ളത്, ഈ പ്രവണ തയെ ന്യായീകരിക്കാൻ ഉന്നയി ക്കുന്ന വാദമുഖങ്ങളാണ്. വോട്ടുകി ട്ടുമെങ്കിൽ പിന്നെ, നിങ്ങളെന്തിന്ന് കുടുംബ ബന്ധത്തെപ്പറ്റി വ്യാകുല പ്പെടുന്നു! പക്ഷെ ജനങ്ങളുടെ വോട്ട് എന്നത് ഒരു സജീവ ജനാധിപത്യ ത്തിന്റെ ഒരു ഘടകം മാത്രമാണ്. അത്രതന്നെയോ അതിലധികമോ പ്രധാനമാണ് പാർട്ടികളിലെ ആഭ്യ ന്തര ജനാധിപത്യം. കമ്യൂണിസ്റ്റു കാരെ ഒഴിച്ചു നിർത്തിയാൽ ഇന്ത്യ യിലെ എല്ലാ പാർട്ടികളും ആഭ്യന്തര ജനാധിപത്യത്തോട് വിട പറഞ്ഞു കഴിഞ്ഞിരിക്കുന്നു. ഈ പാർട്ടിക ളെല്ലാംതന്നെ കുടുംബ ബിസിന സ്സായി മാറിയിരിക്കുകയാണിന്ന്.

മന്ത്രിസ്ഥാനം പരിത്യജിച്ച് പാർട്ടിയെ നന്നാക്കാനിറങ്ങിയിരി ക്കുന്ന രാഹുൽ ഗാന്ധി ദൽഹിയിലെ പത്രക്കാരിലും രാഷ്ട്രീയക്കാരിലും കൗതുകമുളവാക്കിയിട്ടുണ്ട്. ഒരുപാട് കാലമായി, മൂലക്കല്ലുവരെ നശിപ്പിച്ചു കഴിഞ്ഞ കോൺഗ്രസ്സിനെപ്പോലുള്ള ഒരു പാർട്ടിക്ക് നവചൈതന്യമുളവാ ക്കുക എന്നത് ഒന്നല്ല, രണ്ടു മന്ത്രി കാര്യാലയങ്ങൾ നോക്കി നടത്തുന്ന തിനേക്കാൾ വിഷമമാണ്. ഇതിന്നു കച്ചകെട്ടിയിറങ്ങിയിരിക്കുന്ന രാഹുൽ വിജയിക്കുമോ എന്നു പറയുക പ്രയാ സമാണ്. എന്നാൽ ഇന്നത്തെ ഏർപ്പാട് മാറ്റിയെടുക്കാൻ അദ്ദേഹം ശ്രമിച്ചില്ലെന്ന് ഒരാൾക്ക് കുറ്റപ്പെടു ത്താനാവില്ല. കഷ്ടമെന്നു പറയട്ടെ, മറ്റൊരു പാർട്ടിയിലും, ഒരാൾക്കും, ഇത്തരമൊരു നവീകരണത്തിന്റെ ആവശ്യകത തോന്നിയിട്ടില്ല.

ചർച്ചകളും സംവാദങ്ങളും നടത്തി ആശയങ്ങൾക്ക് സ്ഫുടതയുണ്ടാക്കു കയും ആഭ്യന്തര തിരഞ്ഞെടുപ്പി ലൂടെ നേതാക്കന്മാരെ തീരുമാനിക്കു കയും ചെയ്യുന്ന രാഷ്ട്രീയ കക്ഷി കൾക്കു പകരം വേണ്ടപ്പെട്ടവരെ താലോലിച്ചും ചാക്കിട്ടു പിടിച്ചും തന്ത്രങ്ങൾ പ്രയോഗിച്ചും സമവായം തട്ടിക്കൂട്ടിയും നടത്തുന്ന കുറെ പാർട്ടികളാണ് നമുക്കിന്നുള്ളത്. ഇതിൽ മിടുക്കു കാണിക്കുന്ന വർക്കാണ് പാർട്ടി ടിക്കറ്റ് കിട്ടുക. മാതാപിതാക്കളുടെ തണലിലിരുന്ന് കാര്യം നടത്താൻ ശീലിച്ചവർക്ക് ഇതിൽ മുൻഗണനകിട്ടുന്നത് സ്വാഭാ വികം. ഇത്തരമൊരു സംവിധാന ത്തിൻകീഴിൽ വോട്ട് എന്നത്, മഹ ത്തായൊരു സർക്കസ്സിലെ അവസാ നത്തെ ചടങ്ങുമാത്രമാണ്. ഈ സർക്കസ് പിന്നേയും പിന്നേയും ആവർത്തിച്ചുകൊണ്ടേയിരിക്കും; ഒന്നിന്നും ഒരിക്കലും മാറ്റം വരില്ല.

ചില മാസങ്ങൾക്കുമുമ്പ് ഞാനെന്റെ കോളേജിലെ സഹപാഠി യായിരുന്ന കൂട്ടുകാരിയെ കണ്ടെത്തി. അവർ ഒരു "രാഷ്ട്രീയകുടുംബ" ത്തിലെ അംഗമാണ്. എന്താണ് രാഷ്ട്രീയത്തിലൊന്നും പ്രവേശിക്കാ ത്തത് എന്ന് ഞാൻ അവളോട് ചോദി ച്ചു. തനിക്ക് രാഷ്ട്രീയ പിൻബലമു ണ്ടെങ്കിലും കാശില്ലെന്നായിരുന്നു അവളുടെ മറുപടി. ഇന്നത്തെ രാഷ്ട്രീയ കൂട്ടുകുടുംബത്തിന്റെ പശ്ചാത്തലത്തിൽ നിങ്ങൾ കേൾക്കുന്ന ശബ്ദം പണം കോരി യിടുന്നതിന്റേതാണ്. പണമെറി ഞ്ഞുള്ള കളിയാണിത്. മാധ്യമ ങ്ങൾക്കും അതിൽ പങ്കുണ്ട്. അതു കൊണ്ട് ആരും ചോദ്യം ചോദിക്കു ന്നില്ല.

ഇപ്പോഴിതാ, പത്രങ്ങൾക്ക് പ്രിയങ്കര മായ മറ്റൊരു ലിസ്റ്റ് പുറത്തുവന്നിരിക്കു ന്നു - ഇന്ത്യയിലെ ഏറ്റവും സമ്പന്ന രായ 100 എം.പി.മാരുടെ ലിസ്റ്റ്. ഇതിൽ ഏറ്റവും സമ്പന്നരായ പത്തുപേരിൽ ഏഴുപേരും രാഷ്ട്രീയ കുടുംബങ്ങ ളിൽപെട്ടവരാണ്. ഈ രാഷ്ട്രീയ കുടുംബങ്ങളിൽ പലതും ബിസിനസ്സ് കുടുംബങ്ങൾ കൂടിയാണ്.

അപ്പോൾ ഒരു ചോദ്യം വരുന്നു. ഈ എം.പി.മാരും പാർട്ടികളും ആരുടെ താൽപര്യങ്ങളെയാണ് പ്രതിനിധീകരി ക്കുന്നത്? ❑

# ഒരു സുപ്രീം കോടതി വിധിയും കാശുവാങ്ങാനൊരു കമ്മിറ്റിയും

- ശൈക്കത്ത് ദത്ത -

ഉത്തർപ്രദേശിലെ മുൻ ഡയറക്ടർ ജനറലായ പ്രകാശ് സിങ്ങും കേന്ദ്രഗവർമ്മേണ്ടും തമ്മിലുള്ള ഒരു കേസിൽ സുപ്രീം കോടതി 2006ൽ ചില കൽപ്പനകൾ പുറപ്പെടുവിച്ചിരുന്നു. അതിപുരാതനമായ പോലീസ് നിയമം പരിഷ്ക്കരിക്കണമെന്നായിരുന്നു ആ വിധി. പുതിയൊരു പോലീസ് നിയമം നിലവിൽ വരുന്നതുവരെ അനുവർത്തിക്കേണ്ട നടപടിക്രമങ്ങളും കോടതിയുടെ കൽപ്പനയിലുണ്ടായിരുന്നു. പക്ഷെ ഒരു സംസ്ഥാനവും അതൊന്നും മാനിച്ചില്ല. കേന്ദ്രഗവർമ്മേണ്ട്പോലും ഇതറിഞ്ഞ ഭാവം നടിച്ചില്ല.

അവസാനം ഗതികെട്ട്, കോടതി കൽപ്പന നടപ്പാക്കുന്നതിന്റെ മേൽനോട്ടത്തിന്നായി 2008 മെയിൽ സുപ്രീംകോടതി ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചു. സുപ്രീം കോടതിയിൽ നിന്ന് റിട്ടയിർ ചെയ്ത ജ: കെ.ടി. തോമസ് അധ്യക്ഷനായും ഒരു റിട്ടയേർഡ് പോലീസ് മേധാവിയായ കമൽകുമാർ, കേന്ദ്ര ആഭ്യന്തര വകുപ്പിലെ ഒരു ജോയിന്റ് സെക്രട്ടറി എന്നിവർ അംഗങ്ങളായുമുള്ളതായിരുന്നു ഈ കമ്മിറ്റി. കമ്മിറ്റിയുടെ ഓരോ സിറ്റിങ്ങിന്നും ജ: തോമസിന്ന് 50,000 ക. യും അംഗങ്ങൾക്ക് 35,000 ക. വീതവും അലവൻസും നിശ്ചയിച്ചു.

ഈ കമ്മിറ്റിക്ക് 28 സംസ്ഥാനങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടതുണ്ട്. എന്നാൽ ഈ ഒരു കൊല്ലത്തിന്നകത്ത് കമ്മിറ്റി എട്ടു തവണയാണ് സമ്മേളിച്ചത്. അതായത് ജ: തോമസിന്ന് സിറ്റിങ്ങ് ഫീ വകയിൽ 4 ലക്ഷം രൂപയും മറ്റുള്ളവർക്ക് 2,80,000 രൂപ വീതവും കിട്ടി. (കേന്ദ്ര ജോ. സെക്രട്ടറി ഇതുവരെ ഈ ഫീസ് വാങ്ങാൻ കൂട്ടാക്കിയിട്ടില്ല) കമ്മിറ്റിയുടെ ആദ്യത്തെ രണ്ടു സിറ്റിങ് കഴിഞ്ഞ ആഗസ്ത് 26, 28 തിയ്യതികളിലായിരുന്നു. കമ്മിറ്റിയുടെ നടപടിക്രമം ചർച്ച ചെയ്യുക മാത്രമേ ഈ ദിവസങ്ങളിലുണ്ടായുള്ളൂ. മൂന്നാമത്തെ സിറ്റിങ് സെപ്ത: 24ന്നായിരുന്നു. അന്നു പൊതുകാര്യങ്ങളാണ് ചർച്ച ചെയ്തത്. പിന്നെ നടന്ന അഞ്ചു സിറ്റിങ്ങിൽ കേരളം, ആന്ധ്ര, മഹാരാഷ്ട്ര, യു.പി., മധ്യപ്രദേശ്, ഒറീസ, ബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ പുരോഗതി അവലോകനം ചെയ്തു. കാശ്മീരും പരിശോധനക്കെടുത്തെങ്കിലും എങ്ങും എത്തിയിട്ടില്ല.

സുപ്രീംകോടതിയുടെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ സംസ്ഥാനങ്ങൾ സന്മനസ്സു കാണിക്കുന്നില്ല. അതിനാൽ കാര്യങ്ങൾ നീണ്ടുപോകുന്നു. പക്ഷെ സംസ്ഥാനങ്ങൾ സ്വയമേവ കാര്യം നടത്തുമായിരുന്നുവെങ്കിൽ ഇത്തരമൊരു മേൽനോട്ട കമ്മിറ്റിയുടെ ആവശ്യം വരുമായിരുന്നില്ല. കമ്മിറ്റി ഒന്നോ രണ്ടോ സംസ്ഥാനങ്ങൾ തിരഞ്ഞെടുത്ത് സുപ്രീം കോടതിയുടെ കൽപ്പന നടപ്പാക്കാൻ നിർബന്ധിച്ചിരുന്നുവെങ്കിൽ, മറ്റു സംസ്ഥാനങ്ങൾ തനിയേ നേർവഴിക്കു വരുമായിരുന്നു. തങ്ങൾ ഏറ്റെടുത്ത പണിയിൽ കമ്മിറ്റിക്കുതന്നെ താൽപര്യം കാണുന്നില്ലെന്നതാണ് വാസ്തവം.

പണ്ട് ബ്രിട്ടീഷുകാർ അവരുടെ സൗകര്യത്തിന്നായി ഉണ്ടാക്കിയതാണ് നിലവിലുള്ള പോലീസ് നിയമം. അത് പൊളിച്ചെഴുതാതെ ക്രമസമാധാന പാലനം നടക്കില്ല; പോലീസും നന്നാവില്ല. പുതിയ പോലീസ് നിയമം വരുന്നതുവരെ അനുവർത്തിക്കേണ്ട കാര്യങ്ങളാണ് സുപ്രീം കോടതിയുടെ കൽപ്പനയിലുള്ളത്. അതിന്റെ സംഗ്രഹം ഇതാണ്.

1. സംസ്ഥാന ഗവർമ്മേണ്ട് പോലീസിന്റെ മേൽ അവിഹിതമായ സമ്മർദ്ദമോ സ്വാധീനമോ ചെലുത്തുന്നില്ലെന്ന് ഉറപ്പുവരുത്താൻ ഓരോ സംസ്ഥാനത്തിലും സെക്യൂരിറ്റി കമ്മീഷനെ നിയമിക്കുക. പോലീസുകാർ നിയമമനുസരിച്ചും ഭരണഘടനാ വ്യവസ്ഥകൾ അനുസരിച്ചുമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്താൻ മാർഗ്ഗനിർദ്ദേശം നൽകുക.

2. ഏറ്റവും സീനിയറായ മൂന്നു പോലീസുദ്യോഗസ്ഥന്മാരിൽനിന്ന് ഗവർമ്മേണ്ടിന്നിഷ്ടപ്പെട്ട ഒരാളെ പോലീസ് ഡയറക്ടർ ജനറലായി നിയമിക്കുക. ഡി.ജി.പി.ക്ക് ചുരുങ്ങിയത് രണ്ടു കൊല്ലത്തെ സേവന കാലാവധിയുണ്ടാകണം. മേൽ പറഞ്ഞ സെക്യൂരിറ്റി കമ്മീഷനുമായി ആലോചിച്ചു മാത്രമേ ഡി.ജി.പി.യെ മാറ്റാവൂ.

3. പോലീസ് ഉദ്യോഗസ്ഥന്മാർക്ക് ചുരുങ്ങിയത് രണ്ടു കൊല്ലത്തെ സേവന കാലാവധി വേണം. അച്ചടക്ക നടപടി വേണ്ടിവന്നാലോ ക്രിമനൽകുറ്റത്തിന്ന് ശിക്ഷിക്കപ്പെട്ടാലോ മാത്രമേ ഇതിന്നു വിരുദ്ധമായി പ്രവർത്തിക്കാവൂ.

4. ക്രിമിനൽ കേസുകൾ ഫലപ്രദമായി നടത്തുന്നുണ്ടെന്നു ഉറപ്പുവരുത്താൻ ക്രിമിനൽ കേസുകളുടെ അന്വേഷണത്തിന്നായി ഒരു പ്രത്യേക ഇൻവെസ്റ്റിഗേഷൻ വിഭാഗം ആരംഭിക്കുക. ക്രമസമാധാന പാലനം, വി.ഐ.പി. മാരുടെ സംരക്ഷണം തുടങ്ങിയ പണികൾ ക്രിമിനൽ കേസുകളുടെ അന്വേഷണത്തിന്ന് തടസ്സമാകാതിരിക്കാൻ ഇത് സഹായിക്കും.

5. നിയമനം, സ്ഥലംമാറ്റം, പ്രമോഷൻ സർവ്വീസ് കാര്യങ്ങൾക്കായി ഒരു പ്രത്യേക ബോർഡ് രൂപീകരിക്കുക. ഈ ബോർഡിന്റെ പ്രവർത്തനങ്ങളിൽ, ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ മാത്രമേ ഗവർമ്മേണ്ട് ഇടപെടാവൂ.

6. സംസ്ഥാന തലത്തിലും ജില്ലാതലത്തിലും പരാതി കേൾക്കാൻ അഥോറിട്ടിയെ നിയമിക്കുക. സംസ്ഥാന അഥോറിട്ടിയുടെ അധ്യക്ഷൻ റിട്ടയർ ചെയ്ത ഹൈക്കോടതി ജഡ്ജിയും ജില്ലാ അഥോറിട്ടികളുടെ അധ്യക്ഷൻ റിട്ടയിർ ചെയ്ത ജില്ലാ ജഡ്ജിമാരുമാകണം. കസ്റ്റടി മരണം, പണം പിടുങ്ങൽ തുടങ്ങി പോലീസുകാർക്കെതിരെ ഉന്നയിക്കുന്ന പരാതികൾ ഈ അഥോറിട്ടികൾ പരിശോധിക്കണം.

സുപ്രീം കോടതിയിയുടെ ഈ കൽപ്പനകൾ നടപ്പാക്കുന്ന കാര്യത്തിലും ഒരു സംസ്ഥാനവും ഗൗരവപൂർവ്വം പ്രവർത്തിച്ചിട്ടില്ല. കേന്ദ്ര ആഭ്യന്ത്രി കാര്യാലയത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഡൽഹി പോലീസിൽപോലും അനക്കമൊന്നുമില്ല.

പോലീസിൽ പരിഷ്ക്കരണമൊന്നും നടപ്പാക്കാത്തതാണ് ഭീകരപ്രവർത്തനങ്ങളെ വളർത്തുന്നതെന്ന് യു.പി.യിലെ മുൻ ഡി.ജി.പി.യായ പ്രകാശ് സിങ് പറയുന്നു. പോലീസ് ദുർബ്ബലമാകുന്നിടത്തോളം ഭീകരന്മാർക്ക് ശക്തി കൂടുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. നാടിന്റെ പുരോഗതിക്ക് സുരക്ഷിതമായ ഒരന്തരീക്ഷമുണ്ടാക്കാൻ നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ പോലീസിനെ രാഷ്ട്രീയ ഇടപെടലിൽനിന്നും തീർത്തും വിമുക്തമാക്കണമെന്ന് അദ്ദേഹം പറയുന്നു. ❑

Reg. No.3551/93/L Dis  Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21.  Date of posting: 27-06-2009

# അഴിമതിക്കുറ്റത്തിന്ന് ബ്രിട്ടീഷ് മന്ത്രി പുറത്ത്

ബ്രിട്ടീഷ് എം.പി.മാർക്കിടയിൽ വ്യാപകമായി നടന്നുവരുന്ന തിരുമാലിത്തരം സംബന്ധിച്ച കഥകൾ ഒന്നൊന്നായി പുറത്തുവന്നു തുടങ്ങിയതോടെ ഒരു ബ്രിട്ടീഷ് മന്ത്രി രാജിവച്ചു. നീതിന്യായമന്ത്രി ഷഹീദ് മാലിക്കാണ് രാജിവച്ചത്.

ഇത് അഴിമതിയാണെന്നു പറയാൻ പറ്റില്ല; തിരുമാലിത്തരം എന്നു വിശേഷിപ്പിക്കാം. ലണ്ടനിൽനിന്നും പുറത്തുള്ള എം.പി.മാർക്ക് ലണ്ടനിൽ താമസസൗകര്യം ഏർപ്പെടുത്താൻ കൊല്ലത്തിൽ 22,000 പവൻ വരെ വാങ്ങാമെന്ന ഒരു വ്യവസ്ഥ ബ്രിട്ടനിലുണ്ട്. ഇതനുസരിച്ച് എം.പി. മാർ ഒരന്തവുമില്ലാതെ പണം വസൂലാക്കുന്നുണ്ടെന്നാണ് "ടെലഗ്രാഫ്" പത്രം പറയുന്നത്. സോപ്പ്, ചീപ്പ് തുടങ്ങിയ സാധനങ്ങൾക്കായി ഇവർ പണം എഴുതി വാങ്ങുന്നു.

പ്രധാനമന്ത്രി ഗോർഡൻ ബ്രൗൺ ഈ ഇടപാടുകളെപ്പറ്റി ഒരന്വേഷണം നടത്താൻ സർ ഫിലിപ്പ് മാവറിനെ നിയോഗിച്ചിട്ടുണ്ട്. മന്ത്രി മാലിക് തന്റെ രണ്ടാമത്തെ വീട് വാടകക്ക് നൽകി എന്നാണ് പ്രധാന ആരോപണം.

മാലിക്കിന്റെ ഈ കേസ് ഏറ്റവും ഒടുവിൽ പുറത്തുവന്ന കേസാണ്. പല എം.പി.മാർക്കെതിരേയും പലവിധ ആക്ഷേപങ്ങളുണ്ട്. ഇതിൽ എല്ലാ കക്ഷിക്കാരും പെടും.

മുൻ മന്ത്രി എലിയറ്റ് മോർലിയെ ലേബർ പാർലിമെന്ററി പാർട്ടിയിൽ നിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഒരു പണയം സംബന്ധിച്ച് 16,000 പവൻ വാങ്ങിയെന്നാണ് ഇദ്ദേഹത്തിന്നെതിരായ കേസ്. ഇങ്ങനെ ഒരു പണയം തന്നെയില്ലെന്ന് അധികൃതർ പറയുന്നു.

യാഥാസ്ഥിതിക കക്ഷിയുടെ നേതാവായ കമറൂണിന്റെ സീനിയർ പാർലിമെന്ററി ഉപദേഷ്ടാവായ ആൻഡ്രു മാക്കേയും ഈയിടെ രാജിവച്ചു. മാക്കേയും ഭാര്യയും യാഥാസ്ഥിതിക എം.പി.മാരാണ്. രണ്ടുപേരും കൂടി ഖജനാവിൽ നിന്ന് ആയിരക്കണക്കിന്നു പവൻ ചോർത്തി എന്നാണ് കേസ്. ഇതൊന്നും അഴിമതി എന്നതിന്റെ പരിധിയിൽ വരില്ല. രണ്ടാമതൊരു വീടിന്ന് ഇപ്പോൾ തന്നെ വ്യവസ്ഥയുണ്ട്. ഈ സൗകര്യം ദുരുപയോഗപ്പെടുത്തുന്നുവെന്നതാണ് കേസ്. പല എം. പി മാരും മന്ത്രിമാരും അനുചിതമായി വാങ്ങിയ പണം തിരിച്ചടച്ച് തടി ശുദ്ധമാക്കുന്നുണ്ട്. എം.പി. മാരിലും മന്ത്രിമാരിലും നാണം കെട്ടവരുടെ പേര് "ടെലഗ്രാഫ്" പത്രം തുടർച്ചയായി പ്രസിദ്ധീകരിച്ചു തുടങ്ങിയതോടെ ജനക്ഷോഭം ഇളകിയതാണിതിന്നു കാരണം. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ:** വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.